ബിലീവേഴ്സ്
BELIEVERS JOURNAL
ക്രൈസ്തവ ദ്വൈവാരിക
ജേണൽ



2025 മെയ്
VOL:18 ISSUE: 01 RNI.NO.KERMAL/2008/26530 Pages: 21

## പാക്കിസ്ഥാന് വൻ തിരിച്ചടി നൽകി

# യുദ്ധം അവസാനിപ്പിച്ചു



ഒടുവിൽ പാക്കിസ്ഥാന്റെ അപേക്ഷ ഇൻഡ്യ അംഗീകരിച്ചു. ചർച്ചകൾക്കൊടുവിൽ യുദ്ധം അവസാനിപ്പിച്ചതായി ഇൻഡ്യ ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തു. അതിർത്തി കടന്നെത്തിയ ഭീകരാക്രമണത്തിന് ചുട്ട മറുപടിയാണ് ഇൻഡ്യൻ സൈന്യം നൽകിയത്. കാശ്മീരിലെ പഹൽഗാമിൽ ടൂറിസ്റ്റുകളായ 26 നിരപരാധികളെ യാതൊരു ദയയുമില്ലാതെ കൊന്നൊടുക്കിയ ഭീകരത രാജ്യത്തെ നടുക്കി. ലോകരാഷ്ട്രങ്ങൾ ഒന്നടങ്കം ഈ അധാർമ്മിക പ്രവർത്തിക്കെതിരെ ശബ്ദമുയർത്തി.

പതിറ്റാണ്ടുകളായി പാക്കിസ്ഥാൻ നടത്തുന്ന ഒളിയുദ്ധമാണ് ഇത്തരം ഭീകരാക്രമണങ്ങൾ. ഭീകരപ്രവർത്തനത്തിന്റെ ഈറ്റില്ലമായി പാക്കിസ്ഥാൻ മാറിയിട്ട് അനവധി വർഷങ്ങളായി. സ്വന്തം രാജ്യത്തെ ജനങ്ങൾ അരക്ഷിതാവസ്ഥയിൽ കഴിയുമ്പോഴും ഭീകരപ്രവർത്തനങ്ങൾക്ക് ഒട്ടും കുറവില്ലാതെ പാക്കിസ്ഥാൻ ഇതിനെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തുവരുന്നത്. ലോക ബാങ്കിന്റെയും മറ്റ് രാജ്യങ്ങളുടെയും സഹായവും വായ്പകളും ജനക്ഷേമ കാര്യങ്ങൾക്ക് ഉപയോഗിക്കാതെ യുദ്ധസാമഗ്രികൾ വാങ്ങിക്കൂട്ടുവാനും ഭീകരസംഘനടകളെ പ്രോത്സാഹിപ്പിക്കുവാനുമാണ് പാക്കിസ്ഥാൻ ശ്രമിച്ചുവരുന്നത്. ഭരണതലത്തിലും സാമ്പത്തിക രംഗത്തും വലിയ അസ്ഥിരത രാജ്യത്ത് നിലനിൽക്കുമ്പോഴും ആത്മഹത്യപരമായ ഇത്തരം പ്രവർത്തികൾ രാജ്യത്തെ ശിഥിലമാക്കും എന്നതിന് സംശയമില്ല. ബലൂചികളും മറ്റും ആഭ്യന്തരമായി കലഹലത്തിലാണ് എന്നതും പാക്കിസ്ഥാനെ ദുർബലമാക്കുന്നു.

അയൽരാജ്യങ്ങളോടെന്നും മാന്യത പുലർത്തുകയും സംയമനത്തോടെ ഇടപെടുന്ന ഭാരതം ഈ വിഷയത്തിലും അതുതന്നെ ആവർത്തിച്ചു. ഇതിലും മാന്യമായി പ്രതികരിക്കുവാൻ തയ്യാറാകാതിരുന്നാൽ പാക്കിസ്ഥാനെതിരെ ഒടുവിൽ ഇൻഡ്യ യുദ്ധത്തിന് തയ്യാറായി. യുദ്ധം എന്നു പറയുമ്പോഴും സാധാരണജനങ്ങളെ ഒഴിവാക്കി ഭീകരവാദികളുടെ ക്യാമ്പുകളെയും ഭീകരന്മാരെയും മാത്രം ലക്ഷ്യമിടുകയും ഉദ്ദേശലക്ഷ്യങ്ങൾ നിവർത്തിക്കുകയും ചെയ്യുവാൻ ഭാരതം ശ്രദ്ധ പുലർത്തി. നൂറിലധികം ഭീകരന്മാർ ഈ നടപടിയിലൂടെ കൊല്ലപ്പെട്ടു എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എന്നാൽ പാക്കിസ്ഥാനാകട്ടെ ഇൻഡ്യയുടെ അതിർത്തി ഗ്രാമങ്ങളിലെ നിരപരാധികളും നിഷ്കളങ്കരുമായ ഗ്രാമീണർക്കെതിരെ ആയുധം തൊടുക്കുകയും അവരെ കൊല്ലുകയും ചെയ്തത് മനസാക്ഷി മരവിക്കാത്ത എല്ലാവരെയും വേദനിപ്പിച്ചു. കരയിലും ആകാശത്തും ഒരുപോലെ മേധാവിത്വം പുലർത്തിയ ഭാരതത്തിന്റെ മുമ്പിൽ പിടിച്ചുനിൽക്കുവാൻ കഴിയാതെ അടിയറവ് പറയേണ്ടിവന്നു. അമേരിക്ക മുൻകൈ എടുത്തു എങ്കിലും പാക്കിസ്ഥാൻ ഒടുവിൽ ഇൻഡ്യയുടെ സൈനീക നേതൃത്വത്തെ ചർച്ചയ്ക്കായി സമീപിക്കേണ്ടിവന്നു. ഭീകരതയ്ക്കെതിരെ ഇൻഡ്യയുടെ നിലപാട് വ്യക്തമാക്കികൊണ്ട് 'ഓപ്പറേഷൻ സിന്ദൂർ' അവസാനിപ്പിച്ചു. വെടിനിർത്തൽ പ്രഖ്യാപിച്ചെങ്കിലും അത് ലംഘിച്ചുകൊണ്ട് പാക്കിസ്ഥാൻ നടത്തുന്ന ശ്രമങ്ങൾക്ക് സൈന്യം തക്ക മറുപടി നൽകുന്നു എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഒരു പൂർണ്ണയുദ്ധം പാക്കിസ്ഥാൻ എന്ന പേര് ഭൂപടത്തിൽ നിന്ന് മായിക്കപ്പെടുവാൻ കാരണമാകും എന്നത് നിസ്സംശയം ആണ്.



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ




# അവസാനിക്കേണ്ടത് ഭീകരത

ഇന്ന് മിക്ക ലോക രാജ്യങ്ങളുടെയും തലവേദനയായി മാറിയിരിക്കുകയാണ് ഭീകരവാദവും വിഘടന വാദവും. ഭീകരതയ്ക്ക് മതമില്ല എന്ന് സമർത്ഥിക്കുവാനും ന്യായീകരിക്കുവാനും പലരും ശ്രമിക്കുമ്പോൾ സത്യം എന്നും വെളിപ്പെട്ടുകൊണ്ടേയിരിക്കുന്നു. രാജ്യങ്ങൾക്കുള്ളിലെ വിഘടന വാദം പല രാജ്യങ്ങളെയും അസ്ഥിരപ്പെടുത്തുന്നു. അതിർത്തി കടന്നെത്തുന്ന ഭീകരാക്രമണങ്ങൾ പല മേഖലയിലും അസമാധാനം സൃഷ്ടിച്ചിരിക്കുന്നു.

പഞ്ചാബിൽ സിഖ് ലേബലിൽ രൂപപ്പെട്ട ഖലിസ്ഥാൻ വാദികൾ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ ജീവൻ അപഹരിച്ചെങ്കിൽ ശ്രീലങ്കയിലെ തമിഴ് വംശജകരുടെ വിമോചനത്തിന് എന്ന ലേബലിൽ രൂപപ്പെട്ട LTTE ( തമിഴ് പുലികൾ) അപഹരിച്ചത് ഇന്ത്യയുടെ സ്വപ്ന നായകനായിരുന്ന രാജീവ് ഗാന്ധിയുടെ ജീവനും.

വർണ്ണ വെറിയുടെ ഭീകര മുനയിൽ ഒടുങ്ങിയ ലോക നേതാക്കളുടെയും ജനങ്ങളുടെയും എണ്ണവും അനവധി. പിന്നാമ്പുറ അന്വേഷണം എത്തിനിൽക്കുന്നത് ചിലരുടെ വ്യക്തി താൽപര്യവും വൈകല്യം നിറഞ്ഞ ക്രൂര മനസ്സിലേക്കുമാണ്. മതങ്ങളും ഭരണകൂടവും കാലാകാലങ്ങളിൽ ചൊല്ലും ചെലവും കൊടുത്തും വളവും വെള്ളവും നൽകിയും വളർത്തിയെടുത്തതാണ് പല ഭീകര സംഘടനകളും. പാല് കൊടുക്കുന്ന കൈക്ക് കൊത്തുന്നത് പോലെ കാലങ്ങൾക്കിപ്പുറം ഈ ഭീകരന്മാർ പല രാജ്യങ്ങൾക്കും തലവേദനയായി മാറിയിരിക്കുന്നു. ഇത്തരം ഭീകരവാദ സംഘടനകളെ ചൊല്ലും ചോറും കൊടുത്തു വളർത്തിയതിന്റെ അനന്തരഫലമാണ് ഇപ്പോൾ പാക്കിസ്ഥാൻ അനുഭവിക്കുന്നത്. ജനം ദുരിതക്കയത്തിൽ പെട്ട് വലയുമ്പോഴും ഭാരതത്തോടുള്ള പകവെച്ചു പുലർത്തുന്ന അവിടുത്തെ ഭരണാധികാരികൾ എന്നും ഭീകര പ്രവർത്തകരുടെ അത്താണിയായി നിന്നു. ജനക്ഷേമത്തേക്കാൾ യുദ്ധക്കൊതിയന്മാരായ ഭരണാധികാരികൾ ആയുധം വാങ്ങിക്കൂട്ടുകയാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ മൂലം ആ രാജ്യം അസ്ഥിരപ്പെട്ടു കൊണ്ടിരിക്കുന്നു. ഭക്ഷ്യ ദൗർലഭ്യവും വിലക്കയറ്റവും ജനത്തെ വലയ്ക്കുന്നു എന്നിട്ടും അയൽ രാജ്യത്ത് നുഴഞ്ഞു കയറാനും നിരപരാധികളെ കൊന്നൊടുക്കുവാനും ഉള്ള ശ്രമങ്ങൾ തുടരുന്നത് എത്ര ലജ്ജാകരമാണ്. ഏറെ പക്വമായ നിലപാട് എടുത്ത ഭാരതം ലോകരാജ്യങ്ങളുടെ മുമ്പിൽ തല ഉയർത്തി നിന്നു എന്ന് നിസംശയം പറയാം. പാക്കിസ്ഥാൻ സൈന്യവും ഭീകരവാദികളും ഉയർത്തിയ പ്രകോപനങ്ങളെ നേരിട്ട ഭാരതം യുദ്ധക്കെടുതിയിലേക്ക് സാധാരണ ജനങ്ങളെ വലിച്ചിഴയ്ക്കാൻ തുനിയാതെ ഭീകരരുടെ ക്യാമ്പുകളെ മാത്രം ലക്ഷ്യം വെച്ചതും ലോകരാജ്യങ്ങളിൽ അംഗീകാര കാരണമായി.

ഏറെ സന്തോഷത്തോടും പ്രതീക്ഷയോടും കാശ്മീരിന്റെ സൗന്ദര്യം ആസ്വദിക്കാൻ എത്തിയവർ പഹൽഗാമിൽ ഭീകരരുടെ തോക്കിൻ മുനയിൽ പിടഞ്ഞു വീണത് മനസാക്ഷി മരിക്കാത്ത മനസ്സുകളെ ഒത്തിരി വേദനിപ്പിച്ചു. എന്തിന്റെ പേരിലായാലും അവസാനിക്കേണ്ടത് ഇത്തരം ഭീകരതയാണ്. മനുഷ്യനു വേണ്ടത് ആയുധങ്ങൾ അല്ല. അപ്പം നൽകേണ്ടവർ ജനക്ഷേമത്തിനുള്ള പണം കൊണ്ട് ആയുധം നൽകി ഭീകരതയെ പ്രോത്സാഹിപ്പിച്ചാൽ പാക്കിസ്ഥാന്റെ അനുഭവമാകും ഫലം. പ്രകൃതി സമ്പത്തുകൊണ്ടും സൗന്ദര്യം കൊണ്ടും മനോഹരമായിരിക്കുന്നതും ജനങ്ങൾ ഏറ്റവും സ്വാതന്ത്ര്യത്തോടും ക്ഷേമത്തോടും ജീവിച്ചിരുന്നതുമായ അഫ്ഗാനിസ്ഥാന്റെ ഇന്നത്തെ ദുരവസ്ഥയ്ക്ക് പിന്നിലും കാരണം ഈ ഭീകരത തന്നെ. ലോകത്തിലെ എത്ര രാജ്യങ്ങളിലാണ് താലിബാൻ നിരപരാധികളുടെ രക്തം ചൊരിഞ്ഞത്. ഒരു ജനതയെ മുഴുവൻ ദുരിതക്കയത്തിലാഴ്ത്താൻ അല്ലാതെ മറ്റെന്ത് നേട്ടമാണ് ഈ കൂട്ടർക്ക് പറയാൻ ശേഷിക്കുന്നത്.

അവസാനിക്കേണ്ടത് ഈ ഭീകരതയാണ്. ജനിച്ചുവീഴുന്ന ഓരോ കുഞ്ഞിനും ഇവിടെ സമാധാനത്തോടെ ജീവിച്ചു മരിക്കുവാൻ അവകാശമുണ്ട്. മനുഷ്യൻ മൃഗതുല്യരായി മാറി എന്നു പറഞ്ഞാൽ മൃഗങ്ങൾ പോലും നാണിക്കും. കാരണം പരസ്പരം കടിച്ചു കീറുന്ന ആധുനിക മനുഷ്യൻ മൃഗത്തേക്കാൾ അധപതിച്ചിരിക്കുന്നു. ഭീകരതയുടെ നേട്ടമായി ശേഷിക്കുന്ന പാഠങ്ങളിൽ നിന്നും പഠിക്കുവാൻ കഴിയാതെ വീണ്ടും പോരടിച്ചു നാശത്തിലേക്ക് ഓടുക യാണ് മനുഷ്യ സമൂഹം. ഇതിനൊരു അറുതി വരുമോ.

ചൂള പോലെ കത്തുന്ന ദിവസം ലോകത്തിനു വരുന്നു എന്ന മുന്നറിയിപ്പാണ് ബൈബിൾ നൽകുന്നത്. ലോകമെങ്ങും കൂട്ടി വെച്ചിരിക്കുന്ന ആയുധ കൂമ്പാരങ്ങളും അതിന്റെ പ്രഹര ശേഷിയും ആധുനിക ലോകത്തിന്റെ കണ്ടുപിടുത്തങ്ങളുടെ ശേഖരവും ഒക്കെ കൂടിച്ചേരുമ്പോൾ അത് വെറും അതിശയോക്തി കലർന്ന മുന്നറിയിപ്പ് അല്ല എന്ന് മനസ്സിലാകും.

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.


ബിലീവേഴ്സ്
BELIEVERS JOURNAL
ക്രൈസ്തവ ദ്വൈവാരിക
ജേണൽ
2025 മെയ്




# ഐ. പി. സി. ഫാമിലി കോൺഫറൻസ് ഒരുക്കങ്ങൾ പുരോഗമിക്കുന്നു


പാസ്റ്റർ സാം വർഗീസ്
നാഷണൽ കൺവീനർ


ഫിന്നി എബ്രഹാം
നാഷണൽ സെക്രട്ടറി


എബ്രഹാം മോനിസ് ജോർജ്ജ്
നാഷണൽ ട്രഷറർ


റോബിൻ ജോൺ
ഇംഗ്ലീഷ് കോർഡിനേറ്റർ


സൂസൻ ജോൺസൺ
ലേഡീസ് കോർഡിനേറ്റർ

**ന്യൂയോർക്ക്:** കാനഡയിലെ എഡ്മന്റൺ റിവർ ക്രീ റിസോർട്ടിൽ ജൂലൈ 17 മുതൽ 20 വരെ നടത്തപ്പെടുന്ന ഇരുപതാമത് ഐ.പി.സി ഫാമിലി കോൺഫ്രൻസിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. നോർത്ത് അമേരിക്കയിലെ വിവിധ സഭകളിൽ നിന്നും റീജിയനുകളിൽ നിന്നുമുള്ള കയറുകൾ സംഗീത ശുശ്രൂഷ നിർവ്വഹിക്കുവാൻ എത്തിച്ചേരും.

ആയിരക്കണക്കിന് യുവജനങ്ങളെ സംഗീതത്തിലൂടെ ക്രിസ്തുവിങ്കലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്ന പ്രശസ്ത സംഗീതജ്ഞനും പ്രമുഖ ഗായകനുമായ ഷെൽഡൻ ബങ്കാരയും ഇംഗ്ലീഷ്, ഹിന്ദി സെഷനുകളിൽ ഗാ

16

## AGIFNA ഫാമിലി കോൺഫറൻസ്
### ജൂലൈ 24 വ്യാഴം മുതൽ 27 ഞായർ വരെ




**ടൊറന്റോ:** നോർത്ത് അമേരിക്കയിലെ മലയാളി അസംബ്ലീസ് ഓഫ് ഗോഡ് സമൂഹത്തിന്റെ പൊതുകൂട്ടായ്മയായ AGIFNA - യുടെ 2025 ലെ നാഷണൽ ഫാമിലി കോൺഫറൻസ് ജൂലൈ 24 വ്യാഴം മുതൽ 27 ഞായർ വരെ ടൊറന്റോ പട്ടണത്തിൽ Delta Hotel (By

18

## ശാരോൻ ഫെല്ലോഷിപ്പ് ചർച്ചസ് ഓഫ് നോർത്ത് അമേരിക്ക 19–ാമത് ഫാമിലി കോൺഫറൻസ്

**ഡാളസ്, ടെക്സാസ്:** ശാരോൻ ഫെല്ലോഷിപ്പ് ചർച്ചസ് ഓഫ് നോർത്ത് അമേരിക്ക (SFCNA) 19–ാമത് ഫാമിലി കോൺഫറൻസ് 2025 ജൂലൈ 3 മുതൽ 6 വരെ ഡാളസിലെ ശാരോൻ ഇവന്റ് സെന്ററിൽ (940 ബാർണസ് ബ്രിഡ്ജ് റോഡ്, മെസ്കിറ്റ്, TX 75150) നടക്കും.

“വരുവിൻ, നമുക്ക് ദൈവവുമായി ഒരുമയിൽ നടക്കാം” (ആമോസ് 3:3) എന്നുള്ളതാണ് കോൺഫറൻസ് തീം.

കോൺഫറൻസിന്റെ വിവിധ സെഷനുകളിൽ പാസ്റ്റർ ജോ തോമസ് (ബെംഗളൂരു), പാസ്റ്റർ സജോ തോണികുഴിയിൽ, പാസ്റ്റർ ജോൺ തോമസ് (SFC ഇന്റർനാഷണൽ സെക്രട്ടറി), പാസ്റ്റർ ഡോ. റ്റിങ്കു തോംസൺ (പ്രസിഡന്റ്,

11



യുദ്ധത്തിൽ പാക്കിസ്ഥാന് വൻതിരിച്ചടി.
– വാർത്ത
*അനുഭവത്തിൽ നിന്ന് പഠിക്കാത്തവർ, ചരിത്രം മറന്നവർ*

## പിസിഐയ്ക്ക് പുതിയ നേതൃത്വം


പാസ്റ്റർ ജെ.ജോസഫ്


ജോജി ഐപ് മാത്യൂസ്


ജിനു വർഗീസ്

**തിരുവല്ല:** ഭാരതത്തിലെ പെന്തക്കോസ്ത് ഐക്യ പ്രവർത്തനങ്ങളുടെ പൊതുവേദിയായ പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ദേശീയ പ്രസിഡന്റായി പാസ്റ്റർ ജെ.ജോസഫും ജനറൽ സെക്രട്ടറിയായി ജോജി ഐപ് മാത്യൂസും തിരഞ്ഞെടുക്കപ്പെട്ടു. ജിനു വർഗീസ് പത്തനാപുരം ആണ് ട്രഷറർ.

ദേശീയ ജനറൽബോഡിയിലാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്.

മുളക്കുഴ ആസ്ഥാനമായ ചർച്ച് ഓഫ് ഗോഡിന്റെ സ്റ്റേറ്റ് സെക്രട്ടറിയായും പിസിഐയുടെ ദേശീയ വൈസ് പ്രസിഡന്റായും പാസ്റ്റർ ജെ. ജോസഫ് സേവനം ചെയ്തിട്ടുണ്ട്. പിസിഐയുടെ ജനറൽ സെക്രട്ടറി ആയിരുന്നു. ഇപ്പോൾ സഭയുടെ പിആർഒ ആണ്.

മാധ്യമ പ്രവർത്തകനും ഐപി

14

കവർ സ്റ്റോറി

# കുടിയേറ്റ വിരുദ്ധതയും നാടുകടത്തലും



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

സമകാലിക ലോകത്തിൽ ഏറ്റവും പ്രധാന ചർച്ചാ വിഷയമായി മാറിയിരിക്കുന്ന ഒന്നാണ് കുടിയേറ്റ വിരുദ്ധതയും നാടു കടത്തലും. കുടിയേറ്റത്തിനെതിരായ എതിർപ്പ് ലോകമെമ്പാടും ഒരു പ്രധാന വിഷയമായി മാറിയിരിക്കുന്നു. കുടിയേറ്റം എന്നത് ഒരു പുതിയ പ്രതിഭാസമല്ല നൂറ്റാണ്ടുകളായി മനുഷ്യജീവിതത്തിന്റെ ഒരു സവിശേഷതയാണ് കുടിയേറ്റം. യുദ്ധത്തിൽ നിന്നും സംഘർഷത്തിൽ നിന്നും മോചനം തേടുന്നതിനും, വിശപ്പിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും രക്ഷപ്പെടുന്നതിനും, പുതിയ സാമ്പത്തിക അവസരങ്ങളും തൊഴിലും കണ്ടെത്തുന്നതിനും, മതപരമായ അസഹിഷ്ണുതയിൽ നിന്നോ രാഷ്ട്രീയ അടിച്ചമർത്തലിൽ നിന്നോ രക്ഷപ്പെടുന്നതിനും, അല്ലെങ്കിൽ വ്യാപാരം നടത്തുന്നതിനും പുതിയ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യുന്നതിനും പോലും മനുഷ്യർ എപ്പോഴും ഗ്രൂപ്പുകളായും വ്യക്തികളായും കുടിയേറി. മനുഷ്യ ചരിത്രത്തിലെ ഏറ്റവും വലിയ കൂട്ട തൊഴിലാളി കുടിയേറ്റങ്ങളിലൊന്നായിരുന്നു അടിമക്കച്ചവടം. ഇന്ന്, ജനിച്ച രാജ്യത്തിന് പുറത്തുള്ള മറ്റൊരു രാജ്യത്താണ് കൂടുതൽ ആളുകൾ താമസിക്കുന്നത്. ഐക്യരാഷ്ട്രസഭയുടെ സാമ്പത്തിക സാമൂഹിക കാര്യ വകുപ്പിന്റെ ജനസംഖ്യാ വിഭാഗം അനുസരിച്ച് ആഗോളതലത്തിൽ അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ എണ്ണം 281 ദശലക്ഷമായി കണക്കാക്കപ്പെടുന്നു. ആഗോള ജനസംഖ്യയുടെ ഏകദേശം 3.5 ശതമാനം അന്താരാഷ്ട്ര കുടിയേറ്റക്കാരാണ്.വ്യവസായവിപ്ലവത്തോടെയാണ് അതു വ്യാപകമായിത്തീർന്നത്. വ്യവസായവിപ്ലവത്തോടെ ആവിർഭവിച്ച നൂതനമായ തൊഴിലവസരങ്ങൾ തേടിയുള്ള പ്രവാഹത്തോടെയാണ് ആധുനിക കാലത്തെ കുടിയേറ്റം ശക്തിയാർജ്ജിച്ചത്. തൊഴിലവസരങ്ങളാണ് ആൾക്കാരെ കുടിയേറ്റത്തിന് ആകർഷിക്കുന്ന നിർണ്ണായക ഘടകം.

ഇന്നു ഏറ്റവും കൂടുതൽ വിദേശ ഇന്ത്യാക്കാർ താമസമുറപ്പിച്ചിരിക്കുന്ന രാജ്യമാണ് അമേരിക്കൻ ഐക്യനാടുകൾ. എന്നാൽ 1946 വരെ ഇന്ത്യാക്കാർക്കു പൗരത്വം നിഷിദ്ധമായിരുന്ന ഒരു രാജ്യമാണ് അമേരിക്ക. അതിനുശേഷം പ്രതിവർഷം 100 ഇന്ത്യാക്കാർ എന്ന ക്വോട്ടയനുസരിച്ചാണ് പൗരത്വം നൽകിത്തുടങ്ങിയത്. 1965നുശേഷമാണ് ഇന്ത്യാക്കാർ വ്യാപകമായ തോതിൽ അമേരിക്കയിൽ കുടിയേറിത്തുടങ്ങിയത്. പൗരത്വവും രാഷ്ട്രീയ സ്വാതന്ത്ര്യവും അനുവദനീയമാണെന്നുള്ളതാണ് അമേരിക്കൻ കുടിയേറ്റത്തിന്റെ പ്രത്യേകത. അതോടെ രാഷ്ട്രീയരംഗത്തു തങ്ങളുടെ പ്രാഗത്ഭ്യം തെളിയിക്കാൻ ഇന്ത്യാക്കാർക്കു സാധിച്ചിട്ടുമുണ്ട്.

ഈ രാജ്യത്തിന്റെ ചരിത്രത്തിലുടനീളമുള്ള കുടിയേറ്റ വിരുദ്ധ പ്രസ്ഥാനങ്ങളെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് ലഭിക്കാൻ, കുടിയേറ്റത്തിന്റെ ചരിത്രം മനസ്സിലാക്കണം. 1776ൽ സ്വാതന്ത്ര്യം നേടുന്നതിന് മുമ്പും ശേഷവുമുള്ള അമേരിക്കയിലേക്കുള്ള കുടിയേറ്റത്തിന് പിന്നിലെ കാരണങ്ങൾ നൂറ്റാണ്ടുകളായി വ്യത്യസ്തമായിരുന്നു. ഉദാഹരണത്തിന്, 1600-കളിൽ തീർത്ഥാടകർ മതസ്വാതന്ത്ര്യം തേടി, അതേസമയം 1800-കളിലെ ഐറിഷ് കുടിയേറ്റം ഉരുളക്കിഴങ്ങിന്റെ ക്ഷാമം മൂലമാണ് ഉണ്ടായത്. കുടിയേറ്റം നിലനിന്നിരുന്നിടത്തോളം കാലം, കുടിയേറ്റ വിരുദ്ധ വികാരം ഉണ്ടായിരുന്നു. അമേരിക്കക്കാരുടെ കുടിയേറ്റത്തോടുള്ള ഭയത്തിന്റെ പ്രതികരണമായി ഫെഡറലിസ്റ്റ് പാർട്ടി അംഗമായ യുഎസ് പ്രസിഡന്റ് ജോൺ ആഡംസ് നാല് നിയമങ്ങൾ പാസാക്കി. നാച്ചുറലൈസേഷൻ ആക്റ്റ്, ഏലിയൻ ആക്റ്റ്, ഏലിയൻ എനിമീസ് ആക്റ്റ്, രാജ്യദ്രോഹ നിയമം. ആദ്യ നിയമം അമേരിക്കൻ പൗരത്വത്തിനുള്ള താമസ ആവശ്യകത അഞ്ച് വർഷത്തിൽ നിന്ന് പതിനാല് വർഷമായി വർദ്ധിപ്പിച്ചു. രണ്ടാമത്തെ നിയമം 'യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ സമാധാനത്തിനും സുരക്ഷയ്ക്കും അപകടകരമാണെന്ന്' കരുതപ്പെടുന്ന കുടിയേറ്റക്കാരെ നാടുകടത്താൻ അനുവദിച്ചു. മൂന്നാമത്തെ നിയമം യുദ്ധസമയത്ത് ശത്രുരാജ്യത്തിൽ നിന്ന് പൗരന്മാരെ നാടുകടത്താൻ അനുവദിച്ചു. അന്തിമ നിയമം സംസാര സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുകയും 'ഏതെങ്കിലും തെറ്റായ, അപകീർത്തികരമായ, ക്ഷുദ്രകരമായ എഴുത്ത്' പ്രസിദ്ധീകരിക്കുന്നത് നിരോധിക്കുകയും ചെയ്തു.


രേഖകളില്ലാത്ത കുടിയേറ്റക്കാർ അമേരിക്കയിലെ മിക്ക സംസ്ഥാനങ്ങളുടെയും മെഡികെയ്ഡ് പ്രോഗ്രാമുകളിൽ ഉൾപ്പെടുന്നില്ല എന്നത് ഒരു വസ്തുതയാണ്. ഇതിനെ മെഡികെയ്ഡ് ഫണ്ടിലെ അപര്യാപ്തതയായിട്ടാണ് വിമർശിക്കപ്പെടുന്നത്. തന്റെ നാടുകടത്തൽ പരിപാടി മെഡികെയ്ഡ് ഫണ്ടിലെ ഈ കുറവുകൾ പരിഹരിക്കുമെന്നാണ് ട്രംപ് വ്യക്തമാക്കുന്നത്. അനധികൃത കുടിയേറ്റം അമേരിക്കയുടെ സമ്പദ് വ്യവസ്ഥയിൽ എമ്പാടും വൻ തോതിലുള്ള പണപ്പെരുപ്പത്തിനുള്ള സമ്മർദ്ദമാണ് സൃഷ്ടിക്കുന്നതെന്നാണ് അദ്ദേഹത്തിന്റെ മറ്റൊരു വാദം. അനധികൃത കുടിയേറ്റക്കാരെ ശല്യക്കാരായാണ് വാൻസും വിവരിക്കുന്നത്. അമേരിക്കയുടെ നിലവാരത്തോടു ചേർന്നു പോകാത്ത ഒരു അനധികൃത കുടിയേറ്റക്കാരെയും ഇനി അനുവദിക്കില്ല എന്നതാണ് വാൻസിന്റെയും ട്രംപിന്റെയും വിശദീകരണങ്ങളിലൂടെ വ്യക്തമാക്കുന്നത്..

അമേരിക്കയിൽ ട്രംപ് അധികാരം പിടിച്ചതോടെ സ്വീകരിച്ച ശക്തമായ കുടിയേറ്റ നിയന്ത്രണ നടപടികളിൽ മറ്റു രാജ്യങ്ങളും ആവേശം കൊള്ളുകയാണ് എന്ന സൂചനയാണ് ഇപ്പോൾ പുറത്തു വരുന്നത്. കുടിയേറ്റ നിയന്ത്രണ നടപടികൾ കാനഡ, ന്യൂസിലാൻഡ്, ആസ്ട്രേലിയ എന്നിവ തുടരെ തുടരെ പ്രഖ്യാപിക്കുകയും ചെയ്യുന്നു. ലോകത്തെ ഏതു കോണിൽ നിന്നും കുടിയേറ്റം സംഭവിക്കുന്ന രാജ്യങ്ങൾ കൂടിയാണ് പഞ്ചനേത്ര രാഷ്ട്രങ്ങൾ എന്നറിയപ്പെടുന്ന അമേരിക്ക, ബ്രിട്ടൻ, കാനഡ, ന്യൂസിലാൻഡ്, ഓസ്ട്രേലിയ എന്നിവ. അതിനാൽ ഒരു രാജ്യത്തുണ്ടാകുന്ന നയങ്ങളുടെ പിന്തുടർച്ച ഈ അഞ്ചു രാജ്യങ്ങളിലും സംഭവിക്കാനും സാധ്യത കൂടുതലാണ്. കുടിയേറ്റ വിരുദ്ധ നയങ്ങൾ നിറഞ്ഞ തീരുമാനങ്ങൾ ആയതോടെ കുടിയേറാൻ വെമ്പൽ കൊള്ളുന്ന മലയാളികൾക്ക് 2025 നിർണായക വർഷം കൂടിയാണ്. പട പേടിച്ചു പന്തളത്തു ചെന്നപ്പോൾ അവിടെ പന്തം കൊളു

13



പാസ്റ്റർ പി.ജി. എബ്രഹാം




ഒന്നാം കാരാഗൃഹപ്രാർത്ഥയിലെന്ന പോലെ (1:15-19). ഇവിടെയും പ്രാർത്ഥന ഭൗതികമല്ല. ഉന്നതമായ ആത്മീയ ദർശനത്തോടെയാണ് പ്രാർത്ഥിക്കുന്നത്. ഇത്രയും മഹത്തരമായ ഒരു ആത്മീയാനുഭവം ഒരു വിശ്വാസിയിൽ ഉണ്ടായാൽ ജീവിതം ശ്രേഷ്ഠവും ഉത്കൃഷ്ടവുമായിരിക്കും.

1. അകത്തെ മനുഷ്യൻ ശക്തിയോടെ ബലപ്പെടണം- പരിശുദ്ധാത്മാവിനാൽ.

സഭ കടന്നുപോകുന്ന പീഢനത്തെ തരണം ചെയ്യുവാനുള്ള ബലം 'ആത്മശക്തി' മാത്രമാണെന്നുള്ള തിരിച്ചറിവിലാണ് പ്രാർത്ഥന ആരംഭിക്കുന്നത്.

''അകത്തെ മനുഷ്യൻ'' (inner man)-മനുഷ്യനിലുള്ള ആത്മീയ ഘടകം. "പുറമേയുള്ള മനുഷ്യന്റെ" (Outer man) നേർ വിപരീതം.

'അകത്തെ മനുഷ്യൻ' – ആത്മാവ് (Spirit) എന്ന ഘടകം.

പൗലോസിന്റെ എഴുത്തുകളിൽ പ്രതിധ്വനിച്ചുവരുന്ന ചിന്തയാണിത്. കാണുക. 2 കൊരി. 4:16.

"പുറമേയുള്ള മനുഷ്യൻ" – ശരീരം (body), ദേഹി (Soul)

അകമേയുള്ളവൻ – ആത്മാവ് (Spirit)

മനുഷ്യഘടകത്തെപ്പറ്റിയുള്ള രണ്ട് പ്രബല ദൈവശാസ്ത്ര സിദ്ധാന്തങ്ങൾ

**1. ദ്വിമുഖ സിദ്ധാന്തം**
**(Dichotomous theory)**

a ദേഹം (Body) b ദേഹിയും, ആത്മാവും (Soul & Spirit)

**2. ത്രിമാന സിദ്ധാന്തം**
**(Trychotomous theory)**

a ദേഹം (Body) b ദേഹി (Soul) c ആത്മാവ് (Spirit)

പൗലോസ് 'അകത്തെ മനുഷ്യൻ' എന്ന് രേഖപ്പെടുത്തുന്നത് 'ആത്മാവ്' ശക്തിപ്പെടണമെന്നാണ്. എന്നിരുന്നാലും പൗലോസ് ദ്വിമുഖ സിദ്ധാന്തമല്ല (dichotomous theory or bipartite) പ്രോത്സാഹിപ്പിക്കുന്നത്. 1 തെസ്സ. 5:23ൽ രേഖപ്പെടുന്നത്. 'നിങ്ങളുടെ ആത്മാവും (spirit) പ്രാണനും (Soul) ദേഹവും (Body)..." എന്നാണ്. ഇത് ത്രൈമാന സിദ്ധാന്തത്തെയാണ് പരിപോഷിപ്പിക്കുന്നത്.

ദേഹിയേയും, ആത്മാവിനേയും വഹിച്ചു കൊണ്ടു നടക്കുന്ന ഒരു ചട്ടക്കൂടാണ് ശരീരം. അകത്തെ മനുഷ്യൻ ആത്മാവാണ്. ദേഹിയും അതിന് പ്രചോദനം നല്കുന്നു.

അകത്തെ മനുഷ്യൻ (inner man): യവന തത്വശാസ്ത്രത്തിലും യവന തത്വ സംഹിതകളിലും അഗാധ ജ്ഞാനമുണ്ടായിരുന്ന പൗലോസിന് "അകത്തെ മനുഷ്യൻ ശക്തി"പ്പെടണമെന്ന് പ്രാർത്ഥിക്കുമ്പോൾ യവനായ ചിന്തകളും ഉൾക്കൊണ്ടിരിക്കാൻ സാദ്ധ്യതയുണ്ട്. അവ ഏതൊക്കെയെന്ന് നോക്കാം.

1. യുക്തി വിചാരം (Reason) അല്ലെങ്കിൽ ബൗദ്ധികത ശക്തിപ്പെടുക.

ശരിയും തെറ്റും തമ്മിൽ തിരിച്ചറിയാനുള്ള കഴിവ് ശക്തിപ്പെടണം. യുക്തിയെ മനഃസാക്ഷിക്കനുസരണമായി ശക്തിപ്പെടുത്തി ശരിയായത് (Truth) അറിയുവാനുള്ള കഴിവാണിത്. യുക്തി അറിവിന്റെ മൂലസ്ഥാനമാണ്. അങ്ങനെയെങ്കിൽ ക്രിസ്തുവിനെ അറിയാനുള്ള ശേഷി, അഥവാ ബൗദ്ധികത ശക്തിപ്പെടണമെന്നർത്ഥം.

**2. മനഃസാക്ഷി (Conscience) ശക്തിപ്പെടണം.**

പൗലോസിന്റെ പ്രാർത്ഥനയിൽ വിശ്വാസികളുടെ മനഃസാക്ഷി ചേതനയുള്ളതാകണം (Sensitive) ക്രിസ്തുവിനെ സേവിക്കുന്നതിലുള്ള ശുദ്ധ മനഃസാക്ഷി സൂക്ഷിക്കുകയും, അതിനെ ശക്തിപ്പെടുത്തുകയും ചെയ്യുക. തത്വശാസ്ത്രത്തിൽ മനഃസാക്ഷിയെന്നത് ആന്തരികവും ബാഹ്യവുമായ ആസ്തിത്വത്തിന്റെ ബോദ്ധ്യമാണ്. ഇത് മനസി (mind) നോടും ബന്ധപ്പെടുത്തി മനസിലാക്കുന്നു.

**3. ഇച്ഛയെ (will) ശക്തിപ്പെടുത്തുക.**

ശരിയായതിനെ തെരഞ്ഞെടുക്കുവാനും അതിനെ പ്രാവർത്തികമാക്കാനുള്ള കഴിവുമാണിത്. കഷ്ടതയിലൂടെ കടന്നുപോകുന്ന സഭ ശരിയായതിനെ തിരിച്ചറിയുന്നതിനും, ശരിയായ തീരുമാനത്തിൽ ഉറച്ചുനില്ക്കുന്നതിനും പ്രാർത്ഥിക്കുന്നു.

**4. വൈകാരികത (emotions) ശക്തിപ്പെടണം**

ക്രിസ്തുവിന്റെ തികവിൽ വളരണമെങ്കിൽ വിശ്വാസിയുടെ വൈകാരിക തലം ശക്തിപ്പെടണം. വികാരത്തെ വിവേകം കൊണ്ട് നിയന്ത്രിക്കാൻ കഴിയണം. ക്രിസ്തുവിൽ വളർച്ച പ്രാപിക്കാൻ ആന്തരിക ബലം വളരെ നിർണ്ണായകമാണ്. വൈകാരിക തലം ശക്തിപ്പെട്ടില്ലെങ്കിൽ ജീവിതം അപകടത്തിലാകും. വൈകാരിക തലമെന്നത് ഒരു മാനസീകാവസ്ഥ മറ്റൊരു മാനസികാനുഭവവുമായി ഇടപെടൽ നടത്തുകയും തന്മൂലം ചില പെരുമാറ്റങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്ന അവസ്ഥയാണ്. എഫെസോസ് വിശ്വാസികൾ കടന്നുപോകുന്ന പ്രതിസന്ധിയുടെ ഘട്ടത്തിൽ അവർ വൈകാരികമായി ക്ഷീണിച്ചുപോകാതെ ശക്തിപ്പെട്ടു നില്ക്കുന്നതിനായി പ്രാർത്ഥിക്കുന്നു.

**5. മനസ് (mind) ശക്തിപ്പെടണം**

മനസ് ബലപ്പെട്ടിരിക്കുന്നില്ലെങ്കിൽ ജീവിതം താറുമാറാകും. മനസിന്റെ സ്വഭാവവും ശരീരവുമായും ബാഹ്യലോകവുമായുള്ള അതിന്റെ ബന്ധവും ശാക്തീകരണവും ശരിയായ തലത്തിലായിരിക്കണം. മനസിന്റെ ശക്തിയാണ് പ്രവർത്തനത്തെ ഉത്തേജിപ്പിക്കുന്നത്. സഭ കടന്നുപോകുന്ന മാനസിക പ്രശ്നങ്ങൾ സങ്കീർണ്ണവും, ആന്തരിക പ്രതിസന്ധികൾക്ക് വിധേയവുമാണ്. മനസിന്റെ പ്രശ്നങ്ങൾ ശരീരത്തെയും ബാധിക്കുന്നു. മനസിന്റെയും ശരീരത്തിന്റെയും പ്രശ്നങ്ങൾ വിശ്വാസത്തേയും ബാധിക്കാം. തന്മൂലം മനസിന്റെ പ്രക്രിയകളെ ശക്തീകരിക്കുന്നതിനായി പ്രാർത്ഥിക്കുന്നു.

(തുടരും...)




ഷൈജു ഡാനിയേൽ
അടൂർ

# അപ്പവർദ്ധനവിന്റെ മലയും ഇരുളു കനക്കുന്ന നടുക്കടലുകളും

*അപ്പോൾ നേരം ഇരുട്ടിക്കഴിഞ്ഞിരുന്നു, യേശു അവരുടെ അടുക്കൽ എത്തിയതുമില്ല... (യോഹന്നാൻ 6:17).*

അഞ്ചപ്പത്തിൽ നിന്നും രണ്ട് മീനിൽ നിന്നും ശതസഹസ്രം പുരുഷാരത്തിന്റെ ഉദരം നിറച്ച ഊട്ടുത്സവത്തിനു ശേഷം പന്ത്രണ്ട് കുട്ടകളിൽ അപ്പം ശേഖരിച്ച പന്തിരുവർ പടകുമായി സന്ധ്യയിങ്കൽ കടലിലേക്ക് ഇറങ്ങി... അപ്പവർദ്ധനവിന്റെ മലയിൽ നിന്നും പ്രശ്ന കലുഷിതമായ കടലിലേക്ക്...

കാറ്റ് കരുത്താർജ്ജിക്കുന്നു...കടൽ വല്ലാതെ ക്ഷോഭിക്കുന്നു....ഇരുട്ട് കനക്കുന്നു....നടുക്കടലിലേക്ക് പടക് പ്രവേശിച്ചിരിക്കുന്നു....ഇത്തരമൊരു ഘട്ടത്തിൽ പടക് കയറി പോകുവാൻ നിർബന്ധിച്ചവൻ വരുമെന്ന് കരുതി, പക്ഷേ നേരം ഇരുട്ടിക്കഴിഞ്ഞിരുന്നു, യേശു അവരുടെ അടുക്കൽ എത്തിയതുമില്ല...

ഇത് വല്ലാത്ത ഒരു സംഘർഷമാണ്...... ഇരുൾ കനത്തിട്ടും പ്രതിസന്ധി രൂക്ഷമായിട്ടും യേശുവിനെ പ്രതീക്ഷിക്കുന്ന ഇടത്ത് നാം സ്വീകരിക്കേണ്ടി വരുന്ന ദൈവിക മൗനങ്ങൾ...

നസ്രായമാർഗ്ഗത്തെ കുറിച്ചുള്ള അബദ്ധധാരണകളിൽ ഒന്നാണു എല്ലാകാലത്തും ഇത് നിറവുകൊണ്ടുവരുന്നതാണെന്നും നിലനിൽക്കുന്ന സമൃദ്ധിയും ജീവിത ശുഭതയും മാത്രമാണ് ശരിയായ ഭക്തിയുടെ ലക്ഷണമെന്നും. അതിന് വിപരീതമായി സംഭവിക്കുന്നതെല്ലാം അനാത്മീകതയായും ശാപാവസ്ഥയായും ഒക്കെ നിർവ്വചിക്കപ്പെടുന്ന ദുരനുഭവങ്ങൾ. നിറവും ശൂന്യതയും ഉയർച്ചയും താഴ്ചയും ഇടകലർന്നതാണു ശരിയായ ക്രിസ്തുമാർഗ്ഗം എന്ന് വിശ്വസിക്കുവാനും അംഗീകരിക്കുവാനും കഴിയാത്ത പ്രതിസന്ധികൾ നമുക്കിടയിൽ രൂപപ്പെട്ടിരിക്കുന്നു. യേശു വർദ്ധിപ്പിക്കുന്നതിന്റെ അവശേഷിപ്പുകൾ അപ്പവർദ്ധനവിന്റെ മലയിൽ നിന്നും ശേഖരിക്കുവാൻ എല്ലായ്പ്പോഴും കുട്ടകളുമായി സഞ്ചരിക്കുന്ന വികല ആത്മീകതയുടെ ഒരു തലമുറ. അങ്ങനെ ഒരു വർദ്ധനവും ശേഷിപ്പും യേശുവുമായുള്ള കൂടിക്കാഴ്ചയിൽ സംഭവിച്ചില്ല എങ്കിൽ അവനെ വിട്ടുമാറിപ്പോകുന്ന ആത്മികതയുടെ ഗതികേടുകൾ....

> ഇത് വല്ലാത്ത ഒരു സംഘർഷമാണ്...... ഇരുൾ കനത്തിട്ടും പ്രതിസന്ധി രൂക്ഷമായിട്ടും യേശുവിനെ പ്രതീക്ഷിക്കുന്ന ഇടത്ത് നാം സ്വീകരിക്കേണ്ടിവരുന്ന ദൈവിക മൗനങ്ങൾ...

അപ്പം തിന്ന് വയറ് നിറഞ്ഞ ശിഷ്യരെ പടക് കയറി അക്കരയ്ക്കുപോകുവാൻ അവിടുന്ന് ആവശ്യപ്പെട്ടത്, അപ്പവർദ്ധനവിന്റെ മല മാത്രമല്ല ക്രിസ്തുവാനുഗമനമെന്നും പകരം പ്രതിസന്ധികളുടെ ഇരുളുകനക്കുന്ന നടുക്കടലുകളും ഈ യാത്രയിൽ ഉണ്ടെന്നും അവരെ പഠിപ്പിക്കുകയായിരുന്നു... ആത്മികതയുടെ നവപാഠങ്ങൾ അവരെ പഠിപ്പിക്കുവാൻ നടുക്കടലിലേക്ക് നിർബന്ധിച്ചയക്കുമ്പോഴും നസ്രായന്റെ ദൃഷ്ടി അവരിൽ നിന്നും മാറിയിരുന്നില്ല. ഇതാണ് ക്രിസ്തുമാർഗ്ഗത്തിന്റെ സവിശേഷത; ഇരുളു കനക്കുന്ന നടുക്കടലിൽ തനിയെ അവശേഷിക്കുമ്പോഴും നശിക്കുന്നതിനു മുൻപു നമ്മെ തേടിവരുന്ന മഹനീയമായ സാനിദ്ധ്യം. കടലിൽ തകരുന്നതിനുമുൻപ് കനത്ത ഇരുളിൽ രൂപപ്പെട്ട കൊടുങ്കാറ്റിനാൽ ഭയപ്പെടുത്തിയ തിരകളിൽ ചവിട്ടി കടലിന്മേൽ നടന്നു നമ്മുടെ അടുക്കലെത്തും...

ക്രിസ്തുദർശനത്തിന്റെ ഏറ്റവും ഉദാത്തമായ അനുഭവങ്ങളിലേക്ക് നാം സഞ്ചരിക്കുന്നു എന്നതിന്റെ തെളിവ് ആത്മീകതയെക്കുറിച്ചും യേശുവിനെക്കുറിച്ചുമുള്ള ആഴമായ വെളിപ്പാടുകളിലേക്ക് നാം എത്തുന്നു എന്നതാണ്. മനസ്സിലാക്കിയിരുന്ന വികലമായ അബദ്ധധാരണകളിൽ നിന്നും ഏതുവിധ സാഹചര്യങ്ങൾക്കിടയിലും വിട്ടുപിരിയുവാൻ കഴിയാത്ത ദൈവബന്ധം നാം രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. അപ്പവർദ്ധനവിന്റെ മലയിലും ഇരുളുകാണാകുന്ന നടുക്കടലിലും നാഥന്റെ സാന്നിധ്യമുണ്ട് എന്ന അറിവിലേക്ക് നാം പ്രവേശിക്കണം. മാറിമാറി വരുന്ന ജീവിത സാഹചര്യങ്ങൾക്കിടയിൽ മാറ്റമില്ലാതെ തുടരുന്ന ദൈവസാനിദ്ധ്യം; അതാണ് നമ്മുടെ ആധാരം..



ആഷേർ മാത്യു
കാനഡ




*“ഇന്നലെ ഭൂവിൽ പാർത്തിരുന്നവ-*
*രെത്ര പേർ ലോകം വിട്ടുപോയി*
*എന്നാലോ നമുക്കൊരു നാൾ കൂടെ*
*പ്രിയനെ പാടി സ്തുതിക്കാം....”*

രാവിലെ അഞ്ചുമണി കഴിഞ്ഞതേയുള്ളൂ. അമ്മയുടെ പാട്ട് കേട്ടാണ് ഉറക്കമുണർന്നത്. കുഞ്ഞുനാളിൽ മുതലുള്ള ശീലമായത് കൊണ്ട് അലക്സിന് പ്രത്യേകിച്ച് പുതുമയൊന്നും തോന്നിയില്ലെങ്കിലും ഉറക്കം നഷ്ടപ്പെട്ടതിന്റെ നീരസം പ്രകടമാക്കിയത് പുതപ്പ് കൊണ്ട് തല മൂടിക്കൊണ്ട് തിരിഞ്ഞു കിടന്നാണ്.

വിളിച്ചാൽ അലക്സ് എഴുന്നേറ്റ് വരില്ലെന്ന് ഉറപ്പുള്ളതുകൊണ്ട് അമ്മ അലക്സിനെ വിളിക്കാനോ ബുദ്ധിമുട്ടിക്കാനോ വരാറില്ല.

ആ കാലമൊക്കെ കഴിഞ്ഞു പോയെന്ന് അലക്സിനും അറിയാം. അമ്മയ്ക്കും അറിയാം. കുഞ്ഞുനാളിൽ ‘അലക്സേ’... എന്നുള്ള അമ്മയുടെ നീണ്ട വിളിയിൽ അലക്സ് ചാടി എഴുന്നേറ്റു ഉറക്കച്ചടവോടെ അമ്മയോടും അപ്പനോടും ചേച്ചിയോടും അനിയനോടും കൂടെ പായയിൽ ചെന്നിരിക്കുമായിരുന്നു.

വൈകുന്നേരത്തെ കുടുംബ പ്രാർത്ഥനയ്ക്കും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. പപ്പ ജോലി കഴിഞ്ഞ് വീട്ടിൽ വരുമ്പോഴേക്കും എല്ലാവരും വീട്ടിലെ പണികളും കഴിഞ്ഞ് കുളിച്ച് റെഡിയായിരിക്കണം. പപ്പ കുളി കഴിഞ്ഞ് വരുമ്പോൾ പായയിൽ എല്ലാവരും ഇരിപ്പുണ്ടാകണം. വീട്ടിലെ പണികൾ എന്നു പറഞ്ഞാൽ പശുവിനുള്ള പുല്ലു പറിക്കുക, തൊഴുത്ത് വൃത്തിയാക്കുക തുടങ്ങിയവയാണ്.

സന്ധ്യാ പ്രാർത്ഥന കഴിഞ്ഞാൽ മാത്രമേ അത്താഴമുള്ളൂ. പ്രാർത്ഥന അത്ര പെട്ടെന്ന് തീരുകയുമില്ല. സാധാരണ രണ്ട് പാട്ടാണ് പാടുന്നത്. ചിലപ്പോൾ മൂന്ന് പാട്ട്. പിന്നെ ബൈബിൾ വായന. ഒരു സങ്കീർത്തനവും പിന്നെ പുതിയ നിയമത്തിൽ നിന്ന് ഒരു അധ്യായവും വായിക്കണം. അതുകഴിഞ്ഞ് പ്രാർത്ഥന. എല്ലാവരും പ്രാർത്ഥിക്കണം. അമ്മയുടെ പ്രാർത്ഥനയാണ് നീണ്ടു പോകുക. ബന്ധുക്കളെയും അയൽപക്കക്കാരെയും സഭയിലുള്ളവരെയും പിന്നെ അറിയാവുന്ന സകലരെയും ഓർത്ത് പ്രാർത്ഥന. അത് പകുതി കഴിയുമ്പോഴേക്കും വിശപ്പിന്റെ വിളി പാരമ്യത്തിലെത്തിയിരിക്കും.

‘നേരെ ചൊവ്വേ പ്രാർത്ഥനയോടും ദൈവഭയത്തോടും ജീവിച്ചാൽ ദൈവം അനുഗ്രഹിക്കും, അല്ലെങ്കിൽ ജീവിതത്തിൽ കൊണം പിടിക്കുകേല’- പപ്പ എപ്പോഴും പറയുമായിരുന്നു.

‘ഞങ്ങൾ കഷ്ടപ്പെടുന്നതുപോലെ പിള്ളാര് കഷ്ടപ്പെടല്ലേ ദൈവമേ...’ എന്നൊക്കെ ഒരു ആത്മഗതം പോലെ അമ്മ ഇടയ്ക്കിടയ്ക്ക് പറയുന്നത് പതിവായിരുന്നു.

എന്തായാലും അപ്പന്റെയും അമ്മയുടെയും പ്രാർത്ഥന ദൈവം കേൾക്കാതിരുന്നില്ല. ദാരിദ്ര്യത്തിനും ഇല്ലായ്മകൾക്കും അറുതിയുണ്ടായി. മക്കൾ മൂന്നു പേരും പഠിച്ച് നല്ല ജോലി കരസ്ഥമാക്കി. ചേച്ചി അമേരിക്കയ്ക്കും അനിയൻ കുവൈറ്റിലേക്കും പോയി. അലക്സ് സ്വന്തമായി ഒരു ഐ. റ്റി കമ്പനി തുടങ്ങി ബാംഗ്ലൂരിൽ.

അങ്ങനെ നല്ല രീതിയിൽ കാര്യങ്ങൾ മുന്നോട്ടു പോകുമ്പോഴാണ് അപ്പൻ ഒരു അപകടത്തിൽ മരിക്കുന്നത്. അലക്സിനും സഹോദരങ്ങൾക്കും അത് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. എന്നാൽ അമ്മയാണ് അവിടെയും ഞെട്ടിച്ചത്. അമ്മ ആകെ തകർന്നു പോയെങ്കിലും വളരെ പെട്ടെന്നാണ് അതിനോട് പൊരുത്തപ്പെട്ടത്.

‘ദൈവം വിളിച്ചാൽ നമ്മൾ അത് അംഗീകരിക്കണം. ദൈവത്തെ ചോദ്യം ചെയ്യാൻ പാടില്ല, ദൈവഹിതം എന്താണോ അത് നടക്കട്ടെ...’അമ്മയുടെ പ്രത്യാശ കണ്ട് അലക്സിന് പലപ്പോഴും അതിശയം തോന്നി.

പക്ഷേ അപ്പന്റെ മരണത്തോടെ അലക്സ് ആകെ തകർന്നുപോയി. അതുവരെ ഉണ്ടായിരുന്ന ദൈവവിശ്വാസവും പ്രാർത്ഥനയും പാട്ടും എല്ലാം പെട്ടെന്ന് നിന്നു. സഭയിലേക്ക് വല്ലപ്പോഴും ഒന്ന് പോകും. അമ്മ അലക്സിനെ കഴിയും വിധം ഉപദേശിച്ചു നോക്കിയെങ്കിലും ഒരു പ്രയോജനവും ഉണ്ടായില്ല.

ദൈവത്തോട് ദേഷ്യം തോന്നിയിട്ട് ഒരു കാര്യവുമില്ല മോനേ... ദൈവ കോപം നീ വരുത്തി വെക്കരുത്’... അമ്മ എന്നാലും ഇടയ്ക്കിടയ്ക്ക് അലക്സിനെ ഉപദേശിക്കും.

അമ്മയുടെ ഉപദേശം കേൾക്കാൻ വയ്യാത്തതുകൊണ്ട് അലക്സ് ബാംഗ്ലൂരിൽ നിന്നും നാട്ടിലേക്ക് വരുന്നത് തന്നെ വിരളമായി. ഭാര്യ ആൻസിക്ക് ചില ട്രീറ്റ്മെന്റ് ഉള്ളതുകൊണ്ടാണ് ഇത്തവണത്തെ ഈ വരവ്. രണ്ട് ദിവസത്തിനകം തിരികെ പോകണം.

രാവിലെ അമ്മയുടെ പ്രാർത്ഥനയും കഴിഞ്ഞ് നല്ല ചൂടു ദോശയും ചമ്മന്തിയും തയ്യാറാക്കുമ്പോഴേക്കുമാണ് അലക്സ് എഴുന്നേറ്റത്. രണ്ടുദിവസം കൊണ്ട് ഒത്തിരി കാര്യങ്ങൾ ചെയ്യുവാനുണ്ട്. ബാങ്കിൽ പോകണം, പഞ്ചായത്തിൽ പോകണം... പിന്നെ കുറച്ച് ഫ്രണ്ട്സിനെ കാണണം അങ്ങനെയങ്ങനെ....

വൈകുന്നേരമാണ് അലക്സ് തിരിച്ചെത്തിയത്. മക്കൾ എയ്ഞ്ചലും ഏബലും പകൽ മുഴുവനും അമ്മച്ചിയുടെ കൂടെയായിരുന്നു. അവർക്ക് നാട്ടിൽ വരുന്നതും വീട്ടിൽ നിൽക്കുന്നതും ഒത്തിരി ഇഷ്ടമാണ്. അമ്മ അവരെ ഇടയ്ക്കിടയ്ക്ക്

➜10


THE INDIA PENTECOSTAL CHURCH OF GOD
ATLANTA
ATLANTA IPC
Annual
Convention
2025 JUNE FRI 6th - SAT. 7th
Main Speaker
Venue:
545 Rock Springs Rd.,
Lawrenceville,
GA 30043
6:00 PM
to
9:00 PM
WORSHIP LED BY:
PR. SHIBIN SAMUEL, KERALA
(IPC Kerala State PYPA President)
Inauguration
REV. DR. CHERIAN C. DANIEL
(Senior Pastor Atlanta IPC)
James Peedikamalayil & Sis. Lini James
(Zion Singers Vennikulam) & Atlanta IPC Choir
For more information
Rev. Dr. Cherian C. Daniel
(470) 907-9051
Abraham Thomas
(404) 406-5882
Pr. George Mathew
(678) 749-5186
James T. Samuel
(770) 713-1727
Rajan Ariyappallil
(678) 571-6398



# സ്വർഗ്ഗത്തിൽ മുഴങ്ങുന്ന ജയത്തിൻ ഘോഷം



പാസ്റ്റർ കെ.ജെ. മാത്യു

‘നാം സന്തോഷിച്ച് ഉല്ലസിച്ച് അവന് മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ. അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്ക് ശുദ്ധവും ശുഭ്രവുമായുള്ള വിശേഷ വസ്ത്രം ധരിപ്പാൻ കൃപലഭിച്ചിരിക്കുന്നു. ആ വിശേഷ വസ്ത്രം വിശുദ്ധന്മാരുടെ നീതി പ്രവൃത്തികൾ തന്നേ ‘ (വെളി19:7, 8) ഭൂമി ഉണ്ടായ കാലം മുതൽ ഇതുപോലെ ഒരു സന്തോഷ ദിവസം ഉണ്ടാകുകയില്ല. ഈ ശബ്ദം ഇടിമുഴക്കം പോലെ സ്വർഗ്ഗത്തിൽ കേൾക്കുന്നു. അത് സന്തോഷത്തിന്റെയും ആർപ്പുവിളിയുടെയും ശബ്ദമാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ രഹസ്യ വരവിൽ ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാർ മുമ്പെ ഉയിർത്തെഴുന്നേല്ക്കും; ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്ക്കുവാൻ മേഘങ്ങളിൽ എടുക്കപ്പെടും. മണവാളനായ ക്രിസ്തുവിനോടുകൂടെ മണവാട്ടി ദൈവസന്നിധിയിലേക്ക് ചേരുമ്പോൾ ദൂതസംഘം സ്വർഗ്ഗത്തിൽ സന്തോഷിച്ച് ഹല്ലേലൂയ്യാ മുഴക്കുന്നു. കുഞ്ഞാടിന്റെ കല്യാണ ദിവസത്തിലെ ഘോഷം! കാന്തയായ നാം അഥവാ മണവാട്ടി സഭ ശുദ്ധവും ശുഭ്രവുമായുള്ള വസ്ത്രം ധരിച്ച് കർത്താവിന്റെ മുമ്പാകെ നില്ക്കും. വിശുദ്ധന്മാരുടെ നീതി പ്രവൃത്തികൾ എന്ന വിശേഷവസ്ത്രം അണിയുവാൻ അന്ന് നമുക്ക് കൃപ ലഭിക്കും. അവിടെ മരണവും ദുഃഖവും മുറവിളിയും കണ്ണുനീരും ഇല്ല .സകലവും പുതുതായി തീർന്നിരിക്കുന്നു. (വെളി.21:5) ആ ദിവസം ഏറ്റവും അടുത്തിരിക്കുന്നു. കുറുകിക്കൊണ്ടിരിക്കുന്ന പ്രാവിനെപ്പോലെ കണ്ണുനീരോടെ മണവാളന്റെ മടങ്ങിവരവിനായി ആത്മാവിൽ ഞെരങ്ങിക്കൊണ്ടിരിക്കുന്ന മണവാട്ടിയെ തന്റെ അടുക്കൽ ചേർത്തുകൊൾവാൻ നമ്മുടെ ആത്മമണവാളൻ വെളിപ്പെടുവാൻ സമയമായി. അന്ന് നാം എന്നും എന്നേക്കും ജയത്തിന്റെ ഘോഷം മുഴക്കും.

നമ്മുടെ ഈ ലോക ജീവിതത്തിന്റെ അവസാനമാണ നിത്യതയുടെ തുടക്കം. എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ മുതലായവരുടെ ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രെ. (വെളി.21:7, 8)

ജയാളികളായ ഒരു കൂട്ടർ ജയഘോഷം മുഴക്കുമ്പോൾ മറുവശത്ത് മണവാട്ടിയാ യി എടുത്തു കൊള്ളപ്പെടാത്തവർ പരാജിതരായി കൈവിടപ്പെട്ടു പോകും. ഈ ലോക ഭരണം എതിർക്രിസ്തുവിന്റെ കരങ്ങളിൽ ഏല്പിക്കപ്പെടും.

കർത്താവായ യേശുക്രിസ്തു തന്റെ അന്ത്യ ന്യായവിധിയിൽ വെള്ള സിംഹാസനത്തിൽ ഇരുന്നുകൊണ്ട് ന്യായം വിധിക്കുമ്പോൾ ‘ എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ ‘ (മത്തായി 25:34) എന്ന് അവൻ തന്റെ വലത്തു ഭാഗത്തുള്ളവരോട് പറയും. അവർ നന്മ ചെയ്തവരും നീതിമാന്മാരുമാണ്. പിതാവ് അവർക്ക് ഒരുക്കിയിരിക്കുന്ന അവകാശത്തിലേക്ക് അവർ പ്രവേശിക്കും. സന്തോഷത്തിന്റെ ആർപ്പ് അവരിൽ ഉണ്ടാകും. എന്നാൽ ഇടത്തുഭാഗത്തുള്ളവരോട് ‘ ശപിക്കപ്പെട്ടവരേ എന്നെ വിട്ട് പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ ‘ എന്ന് പറയും. ഭയങ്കരമായ ന്യായ വിധിയിലേക്ക്, നിത്യ ദണ്ഡനത്തിലേക്കു അവർ കടന്നു പോകും.

എന്റെ ജീവിതത്തിൽ ജയത്തിന്റെ ഘോഷം മുഴങ്ങിക്കേൾക്കുമോ അതോ പരാജയത്തിന്റെ നിലവിളി ഉണ്ടാകുമോ? എന്നു നാം പരിശോധിക്കണം. നിലവിളിയുടെ ശബ്ദം നമ്മിൽ ഉണ്ടാകാതിരിക്കുവാൻ ഇന്ന് നാം ദൈവസന്നിധിയിൽ അനുതാപത്തോടും കണ്ണുനീരോടും കൂടെ പ്രാർത്ഥിക്കണം. നമ്മുടെ തോൽവികൾ ദൈവസന്നിധിയിൽ വേദനയോടെ ഏറ്റ് പറയണം. നാം നമ്മുടെ രക്ഷിതാവിന്റെ കാൽപ്പാടുകളെ പിന്തുടരുന്നവരായി , നമ്മുടെ തീരുമാനങ്ങളെ ഉറപ്പിച്ചു കൊണ്ട് എന്റെ കർത്താവിനു വേണ്ടി ഞാൻ ജീവിക്കുമെന്ന് സമർപ്പിക്കുന്നുവെങ്കിൽ ജയത്തിന്റെയു സന്തോഷത്തിന്റെയും ഘോഷം നമ്മുടെ ജീവിതത്തിൽ ഉണ്ടായിക്കൊണ്ടിരിക്കും. എന്നാൽ പിന്മാറ്റത്തിന്റെ ആത്മാവിന് ഇടം കൊടുത്ത് ദൈവത്തെ വിശ്വസിക്കാതെയും ദൈവപ്രമാണത്തിനു വില കല്പിക്കാതെയും തിരുനാമത്തിനു വേണ്ടി പ്രവർത്തിക്കുവാൻ കഴിയാതെ സ്വാർത്ഥരായി ജീവിക്കുന്നവരെ ലോകം വിഴുങ്ങിക്കൊണ്ടിരിക്കുന്നു.

നാം തോല്ക്കുന്നവരുടെ നിലവിളിക്കുവേണ്ടി ഒരുങ്ങുന്നുവോ? ജയിക്കുന്നവരുടെ ആർപ്പുവിളിക്കു വേണ്ടി ഒരുങ്ങുന്നുവോ? ഇതാ ജയിക്കുന്നവരുടെ ആർപ്പുവിളി കേൾക്കുവാൻ സമയമായി! ദൈവത്തിന്റെ കാഹളം ആകാശ മേഘത്തിൽ മുഴങ്ങും. മരിച്ചവർ അക്ഷയരായി ഉയിർക്കും. കണ്ണിമെക്കുന്നിടയിൽ നാം രൂപാന്തരം പ്രാപിച്ച് ദൈവസന്നിധിയിൽ ചേരും. നാം നിത്യ സന്തോഷത്തിലേക്ക് പ്രവേശിക്കും. അന്നു മുതൽ നിത്യസന്തോഷത്തിന്റെ ജയഘോഷം നമ്മിൽ മുഴങ്ങിക്കൊണ്ടിരിക്കും. നാം സന്തോഷിച്ച് ഉല്ലസിച്ച് കർത്താവിന് മഹത്വം കൊടുക്കുക.

# ആത്മ നിരാസത്തിന്റെ ദൈവനിഷേധകർ

ഷൈജു തോമസ്
ഞാറയ്ക്കൽ



ലോകം ആകെ മാറികൊണ്ടിരിക്കുകയാണ്. ഇപ്പോൾ നേരിടുന്ന ഈ പ്രതിസന്ധിയിൽ ദൈവത്തെ പഴിക്കുന്നവരുടെ എണ്ണം കൂടുകയാണ്. ചിലരുടെ സന്ദേഹം ദുരന്തം നേരത്തെ നിശ്ചയിച്ച വിധിയാണെങ്കിൽ എന്തിന് പ്രാർഥിക്കണമെന്നാണ്. നേരത്തെ നിശ്ചയിച്ച ദുരന്ത വിധി പിന്നീട് മനുഷ്യരെ ബാധിക്കുമ്പോൾ അവരിൽ ആരൊക്കെ പ്രാർഥനാനിരതമായി ദൈവിക സ്മരണയിലഭയം തേടും എന്ന വിഭാവനയാണ് ദൈവവിശ്വാസം. പ്രകൃതിദുരന്തങ്ങൾ വരുമ്പോഴും പകർച്ചവ്യാധികൾ നേരിടുമ്പോഴുമൊക്കെ എല്ലാ മനുഷ്യരും സാധാരണയായി ചെയ്യുന്നത് അതിൽ നിന്നും രക്ഷ നേടുന്നതിനുള്ള വഴികൾ ആലോചിക്കുകയാണ്. അപ്പോൾ തന്നെ മറുവശത്ത് ദൈവത്തെ ഒരു വിഭ്രാന്തിയായി കൊണ്ടു നടക്കുന്നവരും കുറവല്ല. മനുഷ്യബുദ്ധിയുടെയും ചിന്തയുടെയും മാനസിക വ്യാപാരങ്ങളുടെയും അപാരമായ സാധ്യതകളെ കേവല യുക്തിയിലും ഭൗതിക നിരീക്ഷണത്തിലും തളച്ചിടുകയാണ് ദൈവനിക്ഷേധികൾ ചെയ്യുന്നത്. ശാസ്ത്രീയ പരീക്ഷണത്തിലൂടെയും നിരീക്ഷണത്തിലൂടെയും വിശദീകരിക്കാൻ കഴിയാത്ത അമൂർത്തമായ നിരവധി യാഥാർഥ്യങ്ങൾ മനുഷ്യജീവിതത്തിൽ ഉണ്ട്. സ്നേഹം, ദയ, ഭാവന, ചിന്ത, ബോധം ഇതൊക്കെത്തന്നെയും ശാസ്ത്രീയ നിരീക്ഷണത്തിന്റെ പരിധിയിൽ ഒതുങ്ങുന്നതല്ല. മനുഷ്യന്റെ ഇത്തരം ഗുണങ്ങളും ചോദനകളും എവിടെ നിന്ന് ഉത്ഭവിക്കുന്നു എന്ന് ശാസ്ത്രത്തിന് പറയാൻ കഴിഞ്ഞേക്കാമെങ്കിലും, ഇതര ജീവികളിൽ നിന്ന് വ്യത്യസ്തമായി ഇഛാശക്തിയും നന്മതിന്മകളെക്കുറിച്ച ബോധവുമുള്ള മനുഷ്യനിൽ അത് എങ്ങനെ പ്രവർത്തിക്കുന്നു എന്ന് വിശദീകരിക്കാൻ ശാസ്ത്രം മതിയാവുകയില്ല. ദൈവവിശ്വസത്തിനെതിരെ യുക്തിയുമായി ആളുകൾ രംഗത്തുണ്ട്. അതിന് കാരണമാകുന്നത് ആരാധനാലയങ്ങളിലെ ആരാധനകൾ ഇല്ലാതായതാണ്. അതുകൊണ്ടാ ആത്മീയ നിരാസകർ ദൈവം രക്ഷക്കെത്തുകയില്ലെന്നും പ്രാർത്ഥിച്ചിട്ട് കാര്യമില്ലെന്നും, ഇനിയും മനുഷ്യനെ രക്ഷിക്കുവാൻ ശാസ്ത്രത്തിന് മാത്രമെ സാധിക്കു എന്നുമാണ് പറയുന്നത്. ആരാധനയെന്നത് ബുദ്ധിയുള്ള മനുഷ്യർക്ക് അത് ആത്മീയതയുടെയും സാമൂഹിക ബന്ധങ്ങളുടെയും ജനസേവന പ്രവർത്തനങ്ങളുടെയും കേന്ദ്രമാണ്. എന്നാൽ ദൈവത്തെ സംബന്ധമായിട്ടുള്ള അടിസ്ഥാന വിശ്വാസങ്ങളെക്കുറിച്ചുള്ള സാമാന്യ ധാരണ പോലും ഇല്ലാതെ ദൈവനിക്ഷേധികൾ പ്രാർത്ഥിക്കേണ്ടതില്ല, ദൈവത്തെ അന്വേഷിക്കണ്ടതില്ല എന്ന വാദങ്ങൾ ഉയർത്തി കൊണ്ടു വരുന്നത്. അതിനർത്ഥം ദൈവം മനുഷ്യ കുലത്തിന് വിഭാവനം ചെയ്ത യാഥാസ്ഥിതിക ദൈവീക വിശ്വാസത്തേക്കാൾ സ്വഭാവനയിൽ നിന്നും ദൈവീകതയെ സങ്കല്പ്പിച്ചെടുത്ത് അതാണ് ശരിയായ ദൈവ വിശ്വാസം എന്ന് ചിന്തിക്കുന്നതാണ്. അതു നിമിത്തം തങ്ങളുടെ സങ്കല്പങ്ങൾക്കും ചിന്തകൾക്കും, സ്വപ്നങ്ങൾക്കും വിരുദ്ധമായത് സംഭവിക്കുമ്പോൾ ദൈവത്തെ അപ്പാടെ തള്ളിക്കളയുകയാണ് ചെയ്യുന്നത്. ഓർക്കുക പുരോഹിതന്മാരും, ആൾദൈവങ്ങളും അവരെ അന്ധമായി പിന്തുടരുന്ന കുറെ ആളുകളും കാണിച്ച് കൂട്ടുന്നതല്ല ദൈവവിശ്വാസം. അവിടെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വലിയ അളവിൽ ഇത്തരം വ്യക്തികളിൽ ആന്തരീകവൽക്കരിച്ചിട്ടുണ്ട്. അപ്പോൾ തന്നെ ദൈവീക ദർശനങ്ങളുടെയും മൂല്യങ്ങളുടെയും ഒരു തലവും ഉണ്ട് മനസ്സിലാക്കണം. നൂറ്റാണ്ടുകളിലൂടെയുള്ള പ്രയാണത്തിൽ ദൈവവിശ്വാസത്തിനകത്ത് അടിഞ്ഞ് കൂടിയ ജീർണതകളും ധാരാളം ഉണ്ട് എന്ന വസ്തുത മറക്കരുത്.

പ്രതിസന്ധി ഘട്ടങ്ങളിൽ വിശ്വാസികളുടെ പ്രാർത്ഥന ദൈവം സ്വീകരിക്കാത്തതെന്ത് , ഉത്തരം കിട്ടാത്ത പ്രാർത്ഥനകൾ കൊണ്ട് എന്ത് ഫലം എന്നതാണ് ചിലർ സ്ഥിരമായി ഉന്നയിക്കുന്ന മറ്റൊരു ചോദ്യം. വിശ്വാസി ഭൗതികമായ കാര്യലാഭത്തിന് വേണ്ടി മാത്രം നടത്തുന്ന ഒന്നായിട്ടാണ് പ്രാർത്ഥനയെന്നാണ് ചിലർ മനസ്സിലാക്കുന്നത്. ദൈവത്തെ അറിയാത്തവർക്ക് അങ്ങനെയേ അതിനെ മനസ്സിലാക്കാൻ കഴിയൂ. പ്രാർത്ഥന മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തിന്റെ ദിവ്യവും മധുരവുമായ ആവിഷ്കാരമാണ്. വിശ്വാസിയുടെ മനസ്സ് എപ്പോഴും പ്രാർത്ഥനാ നിർഭരമായിരിക്കും. ദൈവത്തെക്കുറിച്ച് ഓർമയാൽ തരളിതമായിരിക്കും. ദൈവ വിശ്വാസം എന്നത് കൊണ്ട് പ്രതിസന്ധികൾ ഒന്നും വരത്തില്ല എന്നോ അതിൽ മനുഷ്യൻ ഒന്നും ചെയ്യേണ്ട എന്ന് അർത്ഥമാക്കുന്നില്ല. ദൈവം ഒരു മാന്ത്രികനെപ്പോലെ ഇടപെടും എന്ന് അതിൽ അർത്ഥമില്ല. പ്രപഞ്ചത്തിന് ദൈവം നിശ്ചയിച്ച് പ്രവർത്തനഘടനയിൽ നേരിട്ട് ഇടപെടാൻ ദൈവം തീരുമാനിക്കുമ്പോൾ മാത്രമാണ് അത്ഭുതങ്ങൾ സംഭവിക്കുക. അതെപ്പോഴാണെന്നും എങ്ങനെയാണെന്നും ദൈവത്തിന് മാത്രമേ അറിയൂ. ചെങ്കടലിന്റെ തീരത്ത് യിസ്രയേൽ ജനം എത്തിയപ്പോൾ ചെങ്കടൽ വിഭാഗിക്കുവാൻ മോശയ്ക്ക് വടി നീട്ടേണ്ടതായി വന്നു. യോർദ്ദാൻ വിഭാഗിക്കുവാൻ പെട്ടകം ചുമക്കുന്ന പുരോഹിതന്മാരുടെ കാലുകൾ യോർദ്ദാനിലെ വെള്ളത്തിൽ സ്പർശിക്കേണ്ടതായി വന്നു. അങ്ങനെ മനുഷ്യനോട് ദൈവം ചെയ്യുവാൻ പറയുന്ന കാര്യങ്ങൾ ചെയ്യുമ്പോഴാണ് ദൈവപ്രവൃത്തി വെളിപ്പെടുന്നത്. മനുഷ്യരുടെ എല്ലാ കാര്യങ്ങളും അവരുടെ ഭാഗത്തു നിന്നുള്ള ഒരു അദ്ധ്വാന പരിശ്രമവും കൂടെതെ നിവർത്തിച്ച് കൊടുക്കയില്ല.മനുഷ്യന്റെ വീണ്ടെടുപ്പിൻ പ്രക്രീയ പൂർത്തികരിക്കുവാൻ ദൈവം ഈ ലോകത്തെ ഒരു

12



ബിനു ജോസഫ്
വടശ്ശേരിക്കര




# പ്രതീക്ഷ

സകല പ്രതീക്ഷയും അസ്തമിച്ച ഒരു മനുഷ്യൻ എവിടേക്കെന്നില്ലാതെ നടക്കുകയാണ്, മരിക്കുക എന്ന ഏക ലക്ഷ്യത്തോടെ. അങ്ങനെ അയാൾ നടന്നു നടന്ന് ഒരു വനാന്തരത്തിൽ എത്തിയപ്പോൾ, ചില ദിവസങ്ങൾക്കു മുമ്പ് ഈ കാട് മുഴുവൻ കത്തി ചാമ്പലായിരിക്കുകയാണെന്ന യാഥാർഥ്യം തനിക്കു മനസ്സിലായി. ചാരവും കരിക്കഷണങ്ങളും മാത്രം, പച്ചയായ ചെടികളൊന്നും കാണാനില്ല. എന്നാൽ അല്പദൂരം മുന്നോട്ടു പോയപ്പോൾ ചാരത്തിന്റെയും കരിക്കട്ടയുടെയും ഇടയിലൂടെ ഒരു ചെടി പുറത്തേക്ക് പൊട്ടിമുളച്ചു വന്നിരിക്കുന്ന കാഴ്ച്ച അദ്ദേഹത്തിന്റെ ഉള്ളിൽ വല്ലാത്തൊരു ആവേശവും സന്തോഷവും പകർന്നു. സകലവും കത്തിയമർന്ന് ചാരമായ സാഹചര്യത്തിൽ നിന്നും ഈ ചെടിക്ക് എങ്ങനെയാണ് പൊട്ടിമുളയ്ക്കുവാൻ കഴിഞ്ഞത്. എത്ര ധൈര്യത്തോടെയാണ് ഈ പ്രതിസന്ധികളെ അത് തരണം ചെയ്യുന്നത്. ആ കാഴ്ച്ച മാത്രം മതിയായിരുന്നു ഈ മനുഷ്യന് മുൻപോട്ട് യാത്ര ചെയ്യുവാൻ.

നമ്മുടെ പ്രതീക്ഷകൾ അസ്തമിക്കുന്നയിടത്ത് ദൈവത്തിന്റെ പ്രവർത്തി ആരംഭിക്കുന്നു. എല്ലാം അവസാനിച്ചു എന്ന് കരുതരുത്, എന്തെങ്കിലുമൊക്കെ ഇനിയും ആരംഭിക്കുവാൻ ഉണ്ട്. എങ്ങും എത്തുകയില്ല എന്നു പറഞ്ഞവർ, ഒന്നിനും കൊള്ളില്ല എന്നു പറഞ്ഞവർ, ഇനിയും ഒരു ചുവടുപോലും മുന്നോട്ടു പോകാൻ പറ്റുകയില്ല എന്ന് തോന്നിയവർ, അങ്ങനെയൊന്നുമല്ല അവസാനിച്ചത്. എല്ലാ പ്രശ്നങ്ങൾക്കും എല്ലാ പോരായ്മകൾക്കും എല്ലാ പരിമിതികൾക്കും പരിഹാരമുണ്ട്. ആത്മഹത്യ ഒന്നിനും ഒരു പരിഹാരം അല്ല, മറിച്ച് അത് പാപമാണ്. ജീവൻ തന്നത് ദൈവമാണ്, അതെടുത്തു കളയുവാൻ മനുഷ്യന് അവകാശമില്ല. അത് തന്റേതു തന്നെയാണെങ്കിലും മറ്റാരുടേതാണെങ്കിലും. ഒരു രാത്രി അവസാനിക്കുന്നിടത്ത് ഒരു പ്രഭാതം കാത്തുനിൽക്കുന്നു. അത് നിങ്ങൾക്കു വേണ്ടിയാണ് എന്ന് വിശ്വസിക്കുക.

'അത്തിവൃക്ഷം തളിർക്കയില്ല, മുന്തിരിവള്ളിയിൽ അനുഭവമുണ്ടാകയില്ല, ഒലിവു മരത്തിന്റെ പ്രയത്നം നിഷ്ഫലമായിപ്പോകും, നിലങ്ങൾ ആഹാരം വിളയിക്കയില്ല, ആട്ടിൻ കൂട്ടം തൊഴുത്തിൽ നിന്ന് നശിച്ചുപോകും, ഗോശാലകളിൽ കന്നുകാലികൾ ഉണ്ടായിരിക്കുകയില്ല.' (ഹബക്കുക്ക് 3:17)

സാഹചര്യങ്ങളെല്ലാം പ്രതികൂലമായിരിക്കാം, പ്രതീക്ഷയ്ക്ക് ഒരു വഴിയും ഇല്ല എന്ന് തോന്നിയേക്കാം, എങ്കിലും നമ്മുടെ പ്രത്യാശ സ്വർഗ്ഗത്തിലെ ദൈവം ആണ്. വിശ്വാസത്തിന്റെ പുറമേയുള്ള പ്രകടനം മാത്രമല്ല, ആഴത്തിലുള്ള ദൈവവിശ്വാസം ഓരോരുത്തർക്കും ഉണ്ടായിരിക്കണം. ജീവൻ തന്ന ദൈവം അവസാനത്തോളം സംരക്ഷിക്കും എന്ന വിശ്വാസം എല്ലാവർക്കും ഉണ്ടായിരിക്കട്ടെ.

പലപ്പോഴും നമ്മുടെ പ്രത്യാശ നഷ്ടപ്പെടുമ്പോൾ ചുറ്റിലും ഒന്നു നോക്കുക, മുറിച്ചു കളഞ്ഞ മരങ്ങൾ പൊട്ടിക്കിളിർത്തിരിക്കുന്നു, എല്ലാം തീർന്നു എന്ന് പറയുന്നിടത്ത് ഒരു പുതിയ നാമ്പ് പുറത്തു വന്നിരിക്കുന്നു. വീണ്ടും ഒന്നുകൂടി ആരംഭിക്കുവാൻ നിങ്ങൾക്കും കഴിയും. നിങ്ങളുടെ ജീവിതത്തെ മെച്ചപ്പെടുത്തുവാൻ യേശുവിന് കഴിയും.

---

## 03 ശാരോൻ ഫെല്ലോഷിപ്പ് ചർച്ചസ് ഓഫ്...

SFCNA) ഡോ. അനു കെനത്ത് (ജർമ്മനി), ഡോ. നിരൂപ് ആൽഫോൺസ് (കൊളറാഡോ) എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതായിരിക്കും.

ഡോ. ബ്ലെസ്സൺ മേമന, റവ. ദിലിപ് കുര്യൻ എന്നിവർ ഗാനശുശ്രൂഷകൾക്കു നേതൃത്വം നൽകും. കഴിഞ്ഞ ഒക്കലഹോമ കോൺഫറൻസിൽ അനേക കുഞ്ഞുങ്ങളെ ക്രിസ്തുവിലേക്ക് നയിച്ച റോബർട്ട് & ജാൻ ടീൽ ഈ കോൺഫറൻസിലും കുഞ്ഞുങ്ങളുടെ മിനിസ്ട്രിക്ക് നേതൃത്വം നൽകുന്നു.

കോൺഫറൻസിന്റെ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായ് നാഷണൽ കമ്മിറ്റിയും, ലോക്കൽ കമ്മിറ്റിയും, SFCNA എക്സിക്യൂട്ടിവ് ബോർഡും പ്രവർത്തിച്ചു വരുന്നു.

കോൺഫറൻസിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നതായും മാർച്ച് മുതൽ രജിസ്ട്രേഷൻ ആരംഭിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്തു വരുന്നതായി നാഷണൽ കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു.

പാസ്റ്റർ സ്റ്റീഫൻ വർഗീസ് (നാഷണൽ കൺവീനർ), പാസ്റ്റർ വിൽസൺ ജോർജ് (ജോയിന്റ് കൺവീനർ), ബ്രദർ ജെയിംസ് ഉമ്മൻ (നാഷണൽ സെക്രട്ടറി), മേബിൾ തോമസ് (ട്രഷറർ), ബ്രദർ ജിംസ് മേടമന (ജോയിന്റ് ട്രഷറർ), പാസ്റ്റർ എബിൻ അലക്സ് (മീഡിയ കോ ഓർഡിനേറ്റർ), സിസ്റ്റർ സിബി ജോസഫ് (ലേഡീസ് കോഓർഡിനേറ്റർ), ബ്രദർ ബ്രാഡ്ലി മാത്യു (യൂത്ത് കോഓർഡിനേറ്റർ) എന്നിവർ നാഷണൽ കമ്മിറ്റിക്ക് നേതൃത്വം നൽകുന്നു. പാസ്റ്റർ ഫിന്നി വർഗീസിന്റെയും പാസ്റ്റർ തോമസ് ജോൺസന്റെയും നേതൃത്വത്തിൽ ലോക്കൽ കമ്മിറ്റി ക്രമീകരണങ്ങൾക്ക് തുടക്കം കുറിച്ചു.

പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്കായി വെബ്സൈറ്റ് സന്ദർശിക്കുക:
www.sharonconferences.com


JOBIN PRIYAN GROUP
STRIDE REAL ESTATE
Welcome to TEXAS
COMMERCIAL AND RESIDENTIAL REAL ESTATE
SERVING
HOUSTON
DALLAS
AUSTIN
New Home Specialist
Jobin Johnson
JOHNSON & JACOBS
FLOORING AND INTERIOR
Let's Talk
832-391-5000
info@johnsonjacobs.com
www.jpgrouprealtors.com

## 11 ആത്മ നിരാസത്തിന്റെ ദൈവ....

ക്കി എടുത്തുകൊണ്ടിരിക്കുന്നു. ഈ ഭൂമിയേയും പ്രപഞ്ചത്തേയും സൃഷ്ടിച്ച ദൈവത്തിന് പ്രപഞ്ചം കാര്യകാരണബന്ധത്തിൽ അധിഷ്ഠിതമായ ഒരു പ്രവർത്തനഘടനയും ഉണ്ടാക്കി വെച്ചിട്ടുണ്ട്. അതിൽ ഭൗതീക വിഭവങ്ങളും ധാർമ്മീക നിയമങ്ങളും അടങ്ങിയിട്ടുണ്ട്. ഇത് രണ്ടും സമന്വയിക്കുമ്പോഴാണ് ഭൂമിയിൽ ദൈവീകതയും സമാധാനവും ഉണ്ടാകുന്നത്. എന്നാൽ അത്മീയ നിരാസത്താൽ മനുഷ്യൻ ദൈവത്തെ മറന്ന് ജീവിക്കുവാൻ തുടങ്ങുമ്പോൾ, ജീവിതം അസ്വാദനമായി മാറുമ്പോൾ ഭൂമിയുടെ ആകമാന വ്യവസ്ഥയ്ക്ക് ആകെ മാറ്റം ഉണ്ടാകും. ജീവിതത്തിന് പ്രത്യേകിച്ച് ലക്ഷ്യമൊന്നുമില്ല എന്നാണ് നാസ്തികർ വിശ്വസിക്കുന്നത്. ജീവിതം തിന്നുക കുടിക്കുക ആനന്ദിക്കുക എന്നത് മാത്രമല്ല.മറിച്ച് ദൈവം മനുഷ്യന് ഒരുക്കിയ നിത്യരക്ഷയെ നേടുന്നതിനു വേണ്ടി കൂടിയുള്ളതാണ്.

ലോകത്തിൽ ഇനിയും വരുന്ന നാളുകൾ പ്രവചനാതീതമാണ് എന്നതിൽ ഒരു തർക്കവും ഇല്ല. ആഗോള രാഷ്ട്രീയ കാലാവസ്ഥയും, ദേശീയ അന്തർ ദേശീയ അധികാര വ്യവസ്ഥയും സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയാന്തരീക്ഷവും തുടങ്ങി എല്ലാം പ്രവചനാതീതം തന്നെ. പുതിയൊരു ലോകവും ലോക ക്രമവും ആവശ്യമാകുന്ന കാലമാണ് വരാനിരിക്കുന്നത്. ലോകത്തെ മുഴുവൻ ഭരിക്കുവാനുള്ള ഏകലോകഭരണാധികാരിയുടെ വരവിനായി ലോകം ഒരുങ്ങിക്കൊണ്ടിരിക്കുന്നു. അതിന് പാശ്ചാത്യ പൗരസ്ത്യ വംശീയ വടം വലികൾ ദൃശ്യമായി തുടങ്ങി. എന്നാൽ ഇപ്പോഴുള്ളത് അണു ബോംബുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള ലോക മഹാ യുദ്ധമല്ല. ലോകമെമ്പാടുമുള്ള മനുഷ്യരും സൂക്ഷ്മാണുക്കളിൽ സൂക്ഷ്മങ്ങളായ രോഗാണുക്കളും തമ്മിലാണ് യുദ്ധം പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. പരസ്പരം അകന്നു നിൽക്കുക എന്നതാണ് അതിജീവനത്തിനായി നിർദേശിക്കപ്പെട്ടിട്ടുള്ള രസതന്ത്രം. മനുഷ്യർ പരസ്പരം തരം തിരിച്ച് അകലാൻ കാണിച്ചു കൊണ്ടിരുന്ന മാത്സര്യത്തിനുള്ള കടു കടുത്ത, തിരിച്ചടിയായും ഇതിനെ വിലയിരുത്താം.ആശയാദർശങ്ങളുടെ പേരിൽ, വീക്ഷണ വൈവിധ്യങ്ങളുടെ പേരിൽ സാമുദായിക ജാതിമത വിവേചനങ്ങളുടെ പേരിൽ സവർണ്ണ അവ ർണ്ണ തരം തിരുവുകളുടെ പേരിൽ, ഉയർന്നവരും താഴ്ന്നവരും എന്ന മിഥ്യാ സങ്കൽപങ്ങളുടെ പേരിൽ എല്ലാം ഈ വാശി സകല സീമകളും കടന്ന് ഉറഞ്ഞാടുകയായിരുന്നു. അപ്പോൾ തന്നെ എത്ര ദുർഘടമായ പ്രതിസന്ധിയും പുതു പുത്തൻ സാധ്യതകളാക്കാൻ നമുക്ക് കഴിയും കഴിയണം.

## 03 AGIFNA ഫാമിലി....

Marriott at Airport & Conference Centre)- 3 mintues away from Torronto Airport) നടക്കും. ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ താഴെയുള്ള ലിങ്കിൽ രജിസ്റ്റർ ചെയ്യാം.

www.agifna2025.com

Empowered life in Word and Spirit (Mathew 22:29) എന്നതാണ് തീം. ഇംഗ്ലീഷ്, മലയാളം, യൂത്ത്, വ്യുമൺ, കിഡ്സ് എന്നിവർക്കുള്ള സെഷനുകൾ ഒരുക്കിയിട്ടുണ്ട്. റവ.ടി.ജെ ശാമുവേൽ, റവ. ടോണി, റവ. ഷാജി എം. പോൾ, ഡോ. സണ്ണി പ്രസാദ്, ഡോ. എയ്ഞ്ചൽ സ്റ്റീഫൻ ലിയോ എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും. ഡോ. ടോം ഫിലിപ്പ് തോമസ്, ജസ്റ്റസ് ടാംസ് എന്നിവർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നല്കും.

## ലിതാ തോമസിന് ഡോക്ടറേറ്റ്



'ഡെന്റൻ പുനസ്ഥാപനത്തെ ഉത്തേജിപ്പിക്കുന്നതിന് ആസ്പിരിൻ ഡെന്റൽ ഫോർമുലേഷന്റെ വികസനവും ഒപ്ടിമൈസേഷനും" എന്ന വിഷയത്തെ അധികരിച്ച് ഫാർമസ്യൂട്ടിക്കൽ സയൻസിൽ കർണാടക രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിൽ നിന്നും പിഎച്ച്ഡി കരസ്ഥമാക്കി.

പരേതനായ എം ജോൺ തോമസിന്റേയും ലാലി പാപ്പിയുടെയും മകൾ ഡോക്ടർ ലിതാ തോമസ് അസംബ്ലിസ് ഓഫ് ഗോഡ് സീനിയർ ശുശ്രൂഷകൻ പാസ്റ്റർ പി വി ഫിലിപ്പി (പത്തനംതിട്ട)ന്റെയും അന്നമ്മ ഫിലിപ്പിന്റെയും മകൻ വെസ്ലി ഫിലിപ്പിന്റെ ഭാര്യയാണ്. മക്കൾ: ആൻ വെസ്ളി, നേഥൻ വെസ്ളി. ബാംഗ്ലൂർ കൃപാ നിധി കോളേജ് ഓഫ് ഫാർമസിയിൽ അസോസിയേറ്റ് പ്രൊഫസർ ആയി ഇപ്പോൾ സേവന മനുഷ്ഠിക്കുന്നു.

## 04 കുടിയേറ്റ വിരുദ്ധതയും...

ത്തി പട എന്ന തരത്തിൽ ഒരു രാജ്യത്തെ ബുദ്ധിമുട്ടുകൾ ഓർത്തു മറ്റൊരിടത്തു ചെല്ലുമ്പോൾ അവിടെ അതിനേക്കാൾ ഭയാനകമായ സാഹചര്യം കാത്തിരിക്കുന്നു എന്ന ഉറപ്പുകൂടിയാണ് കുടിയേറ്റ തീരുമാനത്തിൽ നിർണായകമാകുന്നത്.

## യുപിഎഫിന്റെ വനിതാ സമ്മേളനം

**ഡബ്ലിൻ:** അയർലന്റിലും നോർത്തേൺ അയർലന്റിലുമുള്ള പെന്തെക്കോസ്ത് സഭകളുടെ സംയുക്ത വേദിയായ യുപിഎഫിന്റെ വനിതാ സമ്മേളനം 2025 മെയ് 10 ന് ബെൽഫാസ്റ്റിലുള്ള യു ടി ബെൽഫാസ്റ്റ് എലീം ചർച്ചിൽ നടന്നു.

കുടുംബ ജീവിതവും കുഞ്ഞുങ്ങളുടെ പരിപാലനവും ക്രിസ്തീയ വീക്ഷണത്തിൽ" എന്ന വിഷയത്തിൽ വേദ ശാസ്ത്ര അധ്യാപികയും എംഇഎസ്എ ഗ്ലോബൽ ദക്ഷിണേഷ്യൻ തിയോളജിക്കൽ എജുക്കേഷൻ ആൻഡ് ഡവലപ്മെന്റ് കൺസൾട്ടന്റുമായ ഡോ. ജെസി ജയ്സൻ ക്ലാസുകളെടുത്തു.

ഭാവിതലമുറയെ വാർത്തെടുക്കുന്നതിൽ സ്ത്രീയുടെ ഉത്തരവാദിത്തം വേദപുസ്തക അടിസ്ഥാനത്തിൽ എങ്ങനെ പ്രായോഗികമാക്കാം എന്നതിൽ വിശദമായ അറിവു കരസ്ഥമാക്കാനുള്ള അവസരമായിരിക്കും കോൺഫറൻസ് എന്നു യുപിഎഫ് വനിതാ വിഭാഗം കോഓർഡിനേറ്റർ സിസ്റ്റർ മേഴ്സി പ്രിൻസ് പറഞ്ഞു.

പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോർജ്, വൈസ് പ്രസിഡന്റുമാരായ പാസ്റ്റർ ജോസഫ് ഫിലിപ്, പാസ്റ്റർ കെ.പി. ബിജുമോൻ, സെക്രട്ടറി ബ്രദർ അരുൺ ജോർജ്, ജോയിന്റ് സെക്രട്ടറി തോമസ് ജോൺ, ട്രഷറർ സാമുവൽ ജോസഫ്, ജോയിന്റ് ട്രഷറാർ ലിബിൻ ഏബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ നടക്കുന്നു. ക്വയർ കോഡിനേറ്റർ ജിനു ജോസഫ്, വിജീഷ് വാമദേവൻ, ഡോ. ജോഷി ജോൺ എന്നിവരുടെ നേതൃത്വത്തിലുള്ള ക്വയർ ആരാധനയ്ക്കു നേതൃത്വം നൽകും.

## ഭാരവാഹികളെ തിരഞ്ഞെടുത്തു

**കോട്ടയം:** ഐപിസി വുമൺസ് ഫെലോഷിപ്പ് കോട്ടയം മേഖല ഭാരവാഹികളെ മേഖല പൊതുയോഗത്തിൽ തെരഞ്ഞെടുത്തു. സിസ്റ്റർ സൂസൻ എം. ചെറിയാൻ (പ്രസിഡന്റ്), സിസ്റ്റർ മേഴ്സി ബിജു (വൈസ് പ്രസിഡന്റ്), സിസ്റ്റർ ജിനി ജോസ് (സെക്രട്ടറി), സിസ്റ്റർ ലില്ലികുട്ടി ബേബി (ജോയിൻ സെക്രട്ടറി), സിസ്റ്റർ ആശാ തോമസ് (ട്രഷറർ), സിസ്റ്റർ സോഫി വർഗീസ്, സിസ്റ്റർ ശോശാമ്മ കുര്യാക്കോസ്, സിസ്റ്റർ പ്രീതി ബേബി, സിസ്റ്റർ ലാലി ബാബു (സംസ്ഥാന കമ്മിറ്റി അംഗങ്ങൾ).

## 03 പിസിഐയ്ക്ക് പുതിയ....

സി സഭാ കൗൺസിൽ അംഗവും സഭയുടെ സംസ്ഥാന പബ്ലിക്കേഷൻ ബോർഡ് ചെയർമാനുമാണ് ജോജി ഐപ്പ് മാത്യൂസ്. പിവൈപിഎ സംസ്ഥാന ആക്ടിങ്ങ് പ്രസിഡന്റും പിസിഐ ദേശീയ എക്സിക്യൂട്ടീവ് അംഗവുമായിരുന്നു.

എജി സഭയുടെ യുവജന വിഭാഗമായ സിഎയുടെ കേരള ട്രഷറർ ആയിരുന്നു ജിനു വർഗീസ്.

മറ്റു ഭാരവാഹികൾ വൈസ് പ്രസിഡന്റുമാർ: പാസ്റ്റർ വൈ.യോഹന്നാൻ ജയ്പൂർ (ബെഥേൽ ഫെലോഷിപ്പ് ചർച്ച്), സാം ഏബ്രഹാം കലമണ്ണിൽ (മൗണ്ട് സീയോൻ വൈസ് ചെയർമാൻ), പാസ്റ്റർ ഫിലിപ് ഏബ്രഹാം (ശാരോൻ ഫെലോഷിപ് ചർച്ച് ഇവാഞ്ചലിസം ബോർഡ് ഡയറക്ടർ), സെക്രട്ടറിമാർ: ബിജു വർഗീസ് (എറണാകുളം എജി), ബെന്നി കൊച്ചുവടക്കേൽ (മല്ലപ്പള്ളി ഐപിസി), പാസ്റ്റർ ലിജോ കെ.ജോസഫ് (ന്യൂ ഇന്ത്യ ദൈവസഭ കൊല്ലം സെന്റർ പാസ്റ്റർ), പാസ്റ്റർ റോയ്സൺ ജോണി (എജി സഭ സൗത്ത് ഇന്ത്യ മിഷൻ ഡയറക്ടർ), നാഷണൽ കോ-ഓർഡിനേറ്റർ: അജി കുളങ്ങര (ചർച്ച് ഓഫ് ഗോഡ് ബിലിവേഴ്സ് ബോർഡ് ജോയിന്റ് സെക്രട്ടറി), കൺവീനർമാർ: പാസ്റ്റർ എം.കെ.കരുണാകരൻ (പ്രെയർ ബോർഡ്), പി.ഡി.വർഗീസ് ചെന്നൈ ( ചാരിറ്റി ബോർഡ്), ബ്ലസിൻ ജോൺ മലയിൽ (മീഡിയ), നാഷണൽ എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങൾ: പാസ്റ്റർമാരായ തോമസ് വർഗീസ്, ഷാജി ആലുവിള, കെ.ഒ.ജോൺസൻ, ടി.വൈ.ജോൺസൻ, ജിജി ചാക്കോ, നോബിൾ പി.തോമസ്, ജെയ്സ് പാണ്ടനാട്, ഫിന്നി പി.മാത്യു, സാബു ചാപ്രത്ത്, ഏബ്രഹാം മന്ദമരുതി, തോമസ് എം.പുളിവേലിൽ, ജെയിംസ് വി.ഫിലിപ്, അലക്സ് ജോൺ, മാത്യു ബേബി, വിജോയ് ജോൺ.

പാസ്റ്റർ കെ.എ.ഉമ്മൻ അധ്യക്ഷത വഹിച്ചു.

സമൂഹത്തിൽ ധാർമിക മൂല്യങ്ങൾ വർദ്ധിപ്പിക്കാൻ സ്കൂൾ പാഠ്യപദ്ധതിയിൽ ബൈബിൾ പാഠങ്ങളും ഉൾപ്പെടുത്തണമെന്നും ലഹരിക്കെതിരെ ശക്തമായ നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

---

## 07 കഥ: കുടുംബപ്രാർത്ഥന...

ബൈബിൾ കഥകൾ പറഞ്ഞു കൊടുക്കുന്നതും പാട്ടുകൾ പഠിപ്പിക്കുന്നതും ഒക്കെ അവർക്ക് ഇഷ്ടമാണ്. അവരെ കാണുമ്പോൾ തന്റെ കുട്ടിക്കാലമാണ് അലക്സിന് ഓർമ്മ വരുന്നത്.

ഒരു കുളിയും കഴിഞ്ഞ് ഫ്രീ ആയതിനുശേഷം ചേച്ചിയും അനിയനുമായി വീഡിയോ കോൾ ചെയ്യുകയായിരുന്നു അലക്സ്. കഴിഞ്ഞവർഷം പപ്പായുടെ മരണത്തിനാണ് എല്ലാവരും ഒന്നിച്ച് കണ്ടത്. ഇനി എപ്പോഴാണോ എല്ലാവരും ഒന്ന് ഒന്നിച്ചു കൂടുക..?!

'ഇനി ഞാൻ മരിക്കുമ്പോഴാകും എല്ലാവരും ഒന്ന് ഒന്നിച്ചു കൂടുക..' അമ്മ ഇടക്കിടക്ക് പറയും. അത് കേൾക്കുന്നത് മക്കൾ മൂന്നു പേർക്കും ദേഷ്യമാണ്. 'അമ്മ ഒന്നു മിണ്ടാതിരി'... മൂന്നുപേരും ഒന്നിച്ചു പറയും.

വീഡിയോ കോൾ കഴിഞ്ഞപ്പോഴേക്കും അമ്മ ബൈബിളും പാട്ട് പുസ്തകവുമായി വന്നു പായ വിരിച്ചു കഴിഞ്ഞിരുന്നു. പായയുടെ ഒരു അറ്റത്ത് അമ്മ ഇരുന്നു.അവിടെയാണ് സ്ഥിരമായി അമ്മ ഇരിക്കുന്നത്. അപ്പനും പായയിലാണ് ഇരുന്നിരുന്നതെങ്കിലും കുറച്ചു പ്രായമൊക്കെ ആയപ്പോഴേക്കും കസേരയിൽ ഇരുന്നായിരുന്നു പ്രാർത്ഥനയിൽ പങ്കെടുത്തിരുന്നത്.

*'എന്താനന്ദം എനിക്കെന്താനന്ദം*
*പ്രിയ യേശുവിൻ കൂടെയുള്ള വാസം*
*ചിന്താതീതം അതു മനോഹരം*
*എന്തു സന്തോഷമാം പുതുജീവിതം...'*

അമ്മ പാട്ട് പാടി തുടങ്ങിയിരുന്നു. അലക്സ് എന്തായാലും അവിടെത്തന്നെയിരുന്നു. എഴുന്നേറ്റു പോയില്ല. എങ്കിലും പാട്ട് കൂടെ പാടിയില്ല. അത് തനിക്ക് പ്രിയപ്പെട്ട ഒരു പാട്ടായിരുന്നിട്ടു കൂടി

ചിലർ അങ്ങനെയാണ് വളരെ പെട്ടെന്നാണ് അവരുടെ ഹൃദയം കഠിനമാവുന്നത്... അമ്മ പാടുന്നത് കേട്ട് എയ്ഞ്ചലും ഏബലും കൂടെ പാടുവാൻ ശ്രമിക്കുന്നുണ്ട്. ആൻസി അവളുടെ വീട്ടിലേക്ക് പോയിരിക്കുന്നത് കൊണ്ട് പ്രാർത്ഥനക്ക് ആളിന്റെ കുറവുണ്ട്.

സമയം പോകുന്നതിനായി അവിടെ ഷെൽഫിൽ ഇരുന്ന പഴയ ആൽബം അലക്സ് കയ്യിലെടുത്തു. പഴയ ഫോട്ടോകളാണ്. പലതവണ കണ്ടിട്ടുണ്ടെങ്കിലും ഓരോ തവണ കാണുമ്പോഴും ഒരു പുതുമയാണ്. അധികം ഫോട്ടോകളൊന്നുമില്ല. പണ്ടുകാലത്ത് ഫോട്ടോയൊക്കെ ഒരു ആഡംബരമായിരുന്നല്ലോ.

അപ്പന്റെയും അമ്മയുടെയും കല്യാണ ഫോട്ടോയായുള്ളത് ആകെ ഒരെണ്ണമാണ്. തങ്ങളുടെ പഴയ സഭാഹാളിൽ വെച്ചാണ് അവരുടെ കല്യാണം നടന്നത്. ഓട് മേഞ്ഞ ആ പഴയ ഹാളിൽ രണ്ട് കസേരയും ഒരു മേശയും മാത്രമുള്ള സ്റ്റേജ്. 'ബാക്ക്ഗ്രൗണ്ടിൽ' ഉള്ളത് ഒരു തടിയലമാര. അതിന്റെ മുകളിൽ ഒരു തമ്പേറും ഒരു 'പെട്രോമാക്സും'. അപ്പന്റെയും അമ്മയുടെയും വിവാഹം നടത്തിയ പാസ്റ്റർ പ്രസംഗിക്കുന്നു, അപ്പനും അമ്മയും എഴുന്നേറ്റ് നിൽക്കുന്നു. രണ്ടുപേരുടെയും കയ്യിൽ ഒരു ബൈബിൾ ഇത്രയുമാണ് ആ ഫോട്ടോയിലുള്ളത്.

അലക്സ് തന്റെ കല്യാണത്തെപ്പറ്റിയോർത്തു. ഏഴുവർഷം മുമ്പ് നടന്ന തന്റെ കല്യാണത്തിന്റെ സ്റ്റേജിന് മാത്രം 50,000ത്തിനു മുകളിൽ പണം ചെലവായിരുന്നു.

രണ്ട് വർഷം മുമ്പ് നടന്ന അനിയൻ കെവിന്റെ കല്യാണ സ്റ്റേജിന് ഒരു ലക്ഷം രൂപയോളം ചിലവായിരുന്നു. മറ്റു ചിലവുകൾ പറയുകയും വേണ്ട

ചുമരിൽ ഫ്രെയിം ചെയ്തു വെച്ചിരിക്കുന്ന മൂന്നുപേരുടെയും കല്യാണ ഫോട്ടോകളിലേക്ക് അലക്സ് ഒന്ന് നോക്കി. അതിനപ്പുറത്ത് അപ്പന്റെയും അമ്മയുടെയും ആ പഴയ കല്യാണ ഫോട്ടോ സ്റ്റുഡിയോയിൽ കൊടുത്തു ഒന്ന് ക്ലിയർ ആക്കി ചെയ്തു വെക്കണമെന്ന് അലക്സിന് തോന്നി. കല്യാണ ഫോട്ടോയുടെ ബാക്ക്ഗ്രൗണ്ടിൽ തമ്പേറും പെട്രോൾ മാക്സും പഴയ അലമാരയും ഒക്കെ വന്നത് എങ്ങനെയാണെന്ന് തന്റെ മക്കൾ ചോദിക്കുമായിരിക്കും.... അന്നേരം അവർക്ക് പറഞ്ഞുകൊടുക്കണം..... പഴയ തങ്ങളുടെ അവസ്ഥ.... ഇന്ന് കാണുന്ന ആഡംബരങ്ങൾക്കും സൗകര്യങ്ങൾക്കും മുമ്പുള്ള ആ കാലം...


പക്ഷേ തനിക്ക് എന്ത് യോഗ്യതയാണ് അത് പറഞ്ഞു കൊടുക്കുവാനുള്ളത്? താൻ പ്രാർത്ഥിക്കുന്നതോ ബൈബിൾ വായിക്കുന്നതോ പാട്ടുപാടുന്നതോ തന്റെ മക്കൾ കാണാറില്ല... അത് ഓർത്തപ്പോഴേക്കും അല്പം മുമ്പ് കുളിച്ചിട്ട് വന്ന അലക്സിനെ വീണ്ടും വിയർത്തു തുടങ്ങി.

*"ഇത്രത്തോളം യഹോവ സഹായിച്ചു..*
*ഇത്രത്തോളം ദൈവം എന്നെ നടത്തി...*
*ഒന്നുമില്ലായ്മയിൽ നിന്നെന്നെ*
*ഉയർത്തി..*
*ഇത്രത്തോളം യഹോവ സഹായിച്ചു.."*

അമ്മ അപ്പോഴേക്കും രണ്ടാമത് പാട്ട് പാടിത്തുടങ്ങിയിരുന്നു..

# സ്റ്റാൻലി ജോർജ്ജ് FIACONA അഡ്വക്കസി ഡയറക്ടർ

**യു.എസ്:** ഫെഡറേഷൻ ഓഫ് ഇന്ത്യൻ അമേരിക്കൻ ക്രിസ്ത്യൻ ഓർഗനൈസേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (Fed-eration of Indian American Christian Organisation of North America-FIACONA) ടെ അഡ്വക്കസി ഡയറക്ടർ ആയി പ്രമുഖ പൊളിറ്റിക്കൽ & ബിസിനസ് സ്ട്രാറ്റജിസ്റ്റും മിഷണറിയുമായ സ്റ്റാൻലി ജോർജ് നിയമിതനായി. സംഘാടകനും പത്രപ്രവർത്തകനും പ്രഭാഷകനുമായ സ്റ്റാൻലി ജോർജ് അമേരിക്കയിൽ രാഷ്ട്രീയഭരണ രംഗത്ത് ശക്തമായ ഇടപെടൽ നടത്തുന്ന ഇന്ത്യൻ വംശജനാണ്. നോർത്ത് അമേരിക്കയിലെ പ്രമുഖമായ ക്രിസ്തീയ സംഘടനയാണ് ഫിയക്കോണ. അമേരിക്കൻ ഇന്ത്യൻ സഭകളും സംഘടനകളും ഫിയക്കൊണയുടെ ഭാഗമാണ്.



നിരവധി ഡിപ്പാർട്ട്മെൻറുകൾ ഉള്ള സംഘടനയുടെ കേന്ദ്ര ഓഫീസ് വാഷിംഗ്ടൺ ഡി.സിയിൽ പ്രവർത്തിക്കുന്നു. അമേരിക്കൻ കോൺഗ്രസും വൈറ്റ് ഹൗസുമായി ബന്ധപ്പെട്ട് ഫിയക്കോണയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ക്രോഡീകരിക്കുകയുമാണ് അഡ്വക്കസി ഡയറക്ടർ എന്ന നിലയിൽ സ്റ്റാൻലി ജോർജിന്റെ പ്രധാന ചുമതലകൾ.

ഭാരതത്തിലെ ക്രൈസ്തവരുടെ അവകാശ സംരക്ഷണവും മതസ്വാതന്ത്ര്യവും ഭരണഘടനാനുസൃതമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്ന കാര്യത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുകയും, ഇന്ത്യയിൽ വർദ്ധിച്ചു വരുന്ന ക്രിസ്തീയ പീഡനങ്ങളും അക്രമണങ്ങളും ഇന്ത്യൻ, അമേരിക്കൻ സർക്കാരുകളുടെ ഇടപെടലുകൾക്കായി കൊണ്ടു വരുന്നതും ഉത്തരവാദിത്വങ്ങളുടെ ഭാഗമാണ്.

ഭാരതത്തിലും അമേരിക്കയിലുമായി സഭാ, സാമൂഹ്യ, രാഷ്ട്രീയ രംഗങ്ങളിൽ നേതൃരംഗത്ത് പ്രവർത്തിച്ച അനുഭവസമ്പത്താണ് സ്റ്റാൻലി ജോർജിനെ റിപ്പബ്ലിക്കൻ പാർട്ടിയുടെ ദേശീയ ഉപദേശക സമിതിയിലും ട്രംപ് ടീമിന്റെ ക്യാംപയിൻ മേഖലകളിലും എത്തിച്ചത്.

നയരൂപീകരണം, വിശ്വാസം, നേതൃത്വം എന്നീ മേഖലകളിൽ മികച്ച സംഭാവനകൾ നല്കുവാൻ കഴിയുന്ന സ്റ്റാൻലി ജോർജിന് ഫിയക്കോനയുടെ പുതിയ ഉത്തരവാദിത്വങ്ങളിലൂടെ സമൂഹത്തിന് മികച്ച സംഭാവനകൾ നല്കുവാൻ കഴിയുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

മൂന്നര പതിറ്റാണ്ടിനു മുൻപ് അമേരിക്കയിൽ കുടിയേറിയ സ്റ്റാൻലി ജോർജ് കുമ്പനാട് വാക്കേൽപടിക്കൽ പരേതരായ പാസ്റ്റർ വി.സി. ജോർജിന്റെയും ഏലിയാമ്മ ജോർജിന്റെയും മകനാണ്. ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിൽ ശുശ്രൂഷകനും സെന്റർ പാസ്റ്ററും എന്ന നിലയിൽ സേവനം ചെയ്തിട്ടുണ്ട് പാസ്റ്റർ വി. സി. ജോർജ്.

# ഐപിസി കറുകച്ചാൽ സെന്റർ പാസ്റ്ററായി സാം പി.ജോസഫ് നിയമിതനായി

**കുമ്പനാട്:** ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ കറുകച്ചാൽ സെന്റർ പാസ്റ്ററായി സഭാപ്രസ്ബിറ്ററി അംഗമായ പാസ്റ്റർ സാം പി.ജോസഫ് നിയമിതനായി. സഭയുടെ സീനിയർ ശുശ്രൂഷകൻ പരേതനായ പാസ്റ്റർ ടി.എ.ചെറിയാന്റെ പിൻഗാമിയായാണ് നിയമനം.

നിലവിൽ തിരുവല്ല സെന്ററിലെ വേങ്ങൽ ഐപിസി സഭാ ശുശ്രൂഷകനും ഐപിസി സ്റ്റേറ്റ് പിജി ബോർഡ് ചെയർമാനുമാണ്.

മല്ലപ്പള്ളി- നെടുങ്ങാടപ്പള്ളി പേഴത്തോലിക്കൽ പരേതരായ പാസ്റ്റർ പി. ടി. ജോസഫ് (മേലുകാവ് മുൻ സെന്റർ പാസ്റ്റർ) - ചിന്നമ്മ ജോസഫ് ദമ്പതികളുടെ മകനാണ്.



ഹരിയാന ഗ്രേസ് ബൈബിൾ കോളജ്, ഐപിസി സീയോൻ ബൈബിൾ കോളജ് എന്നിടങ്ങളിലെ പഠനത്തിനു ശേഷം സെറാംപൂർ സർവകലാശാലയിൽ നിന്നും ബിഡിയും തിരുവല്ല മാർത്തോമ്മ കോളജിൽ നിന്നും ബിഎ ബിരുദവും നേടി.

സഭയുടെ കുമ്പനാട്, തിരുവല്ല സെന്ററുകളുടെ സെക്രട്ടറി, മേലുകാവ് സെന്റർ പാസ്റ്റർ, കുവൈത്ത് റീജൻ വൈസ് പ്രസിഡന്റ്, പിവൈപിഎ മേഖല സെക്രട്ടറി, സൺഡേസ്കൂൾ കേന്ദ്ര കമ്മറ്റി അംഗം, മേഖല വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ സേവനം ചെയ്തിട്ടുണ്ട്. ഐപിസി സഭാ സ്റ്റേറ്റ് കൗൺസിൽ അംഗം, മല്ലപ്പള്ളി യുപിഎഫ് ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

മല്ലപ്പള്ളി സെന്ററിലെ ചുങ്കപ്പാറയാണ് ശുശ്രൂഷിച്ച ആദ്യ പ്രദേശിക സഭ. ഐപിസി കുവൈറ്റ്, അബുദാബി, പട്ടാഭിരാം - ചെന്നൈ, തോട്ടഭാഗം, ചെങ്ങരൂർ, പൂവത്തൂർ, തട്ടയ്ക്കാട് - കുമ്പനാട്, കിടങ്ങന്നൂർ എന്നീ സഭകളിൽ പാസ്റ്റർ ആയിരുന്നു. 41 വർഷമായി കുടുംബമായി സഭാ ശുശ്രൂഷയിലാണ്.

ഭാര്യ: വൽസമ്മ സാം. മക്കൾ: സ്റ്റീവ്, ജൊഹാൻ.

# ഡോക്ടറേറ്റ് കരസ്ഥമാക്കി



അമേരിക്കയിലെ മുൻ നിര സെമിനാരികളിൽ ഒന്നായ അസ്ബെറി തിയോളജിക്കൽ സെമിനാരി യിൽ നിന്നും ഡോക്ടർ ഓഫ് മിനിസ്ട്രിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ സിസ്റ്റർ റെയ്ച്ചൽ ബ്ലെസ്സി ഈപ്പൻ.

ഐ പി സി യിലെ സീനിയർ പാസ്റ്റർ ആയിരുന്ന പരേതനായ പി ജി ഈപ്പച്ചന്റെയും, സൂസമ്മ യുടെയും മകളും ആണ് ഡോ. ബ്ലെസ്സി

പാസ്റ്റർ മാരുടെ വിധവകളും അവർക്കുള്ള സഭാ പിന്തുണയും എന്നത് ആയിരുന്നു പഠന വിഷയം

# ഐപിസി പാമ്പാടി സെന്റർ ഭാരവാഹികൾ



**പാമ്പാടി:** ഐപിസി പാമ്പാടി സെന്റർ പൊതുയോഗം സെന്റർ ശുശ്രൂഷകൻ പാസ്റ്റർ സാം ദാനിയേലിന്റെ അധ്യക്ഷതയിൽ പൊതുയോഗം നടന്നു. സെൻട്രൽ സെക്രട്ടറി പാസ്റ്റർ കെ എ വർഗീസ് റിപ്പോർട്ടും, ട്രഷറർ ഇവാ. കെ എം മാത്യു കണക്കും അവതരിപ്പിച്ചു.

ഭരണ സമിതി :- പ്രസിഡന്റ് : പാസ്റ്റർ സാം ദാനിയേൽ, വൈസ് പ്രസിഡന്റ്: പാസ്റ്റർ ഷാജി മർക്കോസ്, സെക്രട്ടറി : പാസ്റ്റർ കെ എ വർഗീസ്, ജോയിന്റ് സെക്രട്ടറി : പാസ്റ്റർ ചാക്കോ മാത്യു, ഇവാ. ബാബു മാത്യു, ട്രഷറർ : ഇവാ. കെ എം മാത്യു.

<<<<വാർത്തകൾ>>>>

# ഐപിസി പെരിന്തൽമണ്ണ സെന്റർ ഭാരവാഹികൾ





**പെരിന്തൽമണ്ണ:** ഐപിസി പെരിന്തൽമണ്ണ സെന്ററിന്റെ ജനറൽ ബോഡി തേലേക്കട് ഗ്രേയ്സ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പാസ്റ്റർ ബിജോയ് കുര്യാക്കോസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പാസ്റ്റർ ബിജോയ് കുര്യാക്കോസ് (പ്രസിഡന്റ്), പാസ്റ്റർ സജി ചാക്കോ (വൈസ് പ്രസി.), പാസ്റ്റർ അനീഷ് തോമസ് സ്കറിയ (സെക്രട്ടറി), പാസ്റ്റർ ഷാജി പി തോമസ്, ജോസഫ് തേലേക്കാട് (ജോ. സെക്രട്ടറിമാർ), സജി ടി. വൈ (ട്രഷറർ) എന്നിവരെയും വിവിധ ബോർഡുകളിലേക്ക് ഇവാഞ്ചിലിസം ബോർഡ് പാസ്റ്റർ റൊണാൾഡ് റോയ്, പബ്ലിസിറ്റി കൺവീനർ: പാസ്റ്റർ റെജി.ഒ.സി. പ്രെയർ ബോർഡ്: പാസ്റ്റർ സി. പി.തോമസ്കുട്ടി, പിവൈപിഎ പ്രസിഡന്റ്: ഇവാ. ജോജി മാത്യു, സണ്ടേസ്കൂൾ സൂപ്പർണ്ട്: പാസ്റ്റർ സന്തോഷ് ടി.എൽ എന്നിവരെയും കമ്മിറ്റി അംഗങ്ങളായി റോയ് ജോർജ് (അലനല്ലൂർ), ആനന്ദ് അനിൽ (വണ്ടൂർ), മത്തായി (വട്ടമ്പലം) കെ.എം ബേബി (വിളയൂർ) എന്നിവർ ഉൾപ്പെടുന്ന 15 അംഗ കമ്മിയെയും തിരഞ്ഞെടുത്തു.

# പൂർവ്വ വിദ്യാർത്ഥികളുടെ സമ്മേളനം സമാപിച്ചു



**കീഴില്ലം:** പെനിയേൽ ബൈബിൾ സെമിനാരിയിൽ പഠിച്ച പൂർവ്വ വിദ്യാർത്ഥികളുടെ സമ്മേളനം സമാപിച്ചു. പാസ്റ്റർ എൻ.ജി രാജു അധ്യക്ഷനായിരുന്ന യോഗത്തിൽ എ.ജി മലബാർ ഡിസ്ട്രിക്ട് സൂപ്രണ്ട് റവ.വി.റ്റി അബ്രഹാം വചന ശുശ്രൂഷ നിർവഹിച്ചു.

പെനിയേൽ ബൈബിൾ സെമിനാരിയുടെ സ്ഥാപകൻ പരേതനായ ഡോ.സി.പി വർഗീസിന്റെ സഹധർമ്മിണി സിസ്റ്റർ.വിനീതാ വർഗീസ് ഈ സമ്മേളനത്തിൽ പങ്കെടുത്തു.

വിവിധ കാലങ്ങളിലായി പഠിച്ചിറങ്ങിയ അനവധി വിദ്യാർത്ഥികൾ ഈ സമ്മേളനത്തിൽ പങ്കാളികളായി.

ഭാരതത്തിലും പുറത്തുമായി ദൈവരാജ്യത്തിനായി പ്രയോജനപ്പെടുന്ന നൂറുകണക്കിന് ദൈവദാസന്മാർ പെനിയേൽ ബൈബിൾ സെമിനാരിയിലെ പൂർവ്വവിദ്യാർത്ഥികളാണ്.

പേനിയേൽ പൂർവ്വ വിദ്യാർത്ഥി സംഘടനാ ഭാരവാഹികൾ: പാ. പി. വി. സജി (പ്രസിഡന്റ്), പാ. ബേസിൽ ജോസ് (സെക്രട്ടറി), പാ. ഷിൻസ് പി. റ്റി. (ട്രഷറർ).

03 ↰ **ഐ. പി. സി. ഫാമിലി...**

നങ്ങൾ ആലപിക്കും. ക്രൈസ്തവ കൈരളിയുടെ അനുഗ്രഹീത ഗായകർ കോൺഫ്രൻസിന്റെ വിവിധ സെക്ഷനുകളിൽ ആരാധനയ്ക്ക് നേതൃത്വം നൽകും. കോൺഫറൻസിൽ പങ്കെടുത്ത് ഗാന ശുശ്രൂഷകളിൽ പങ്കാളികളാകുവാൻ താല്പര്യപ്പെടുന്നവർ എത്രയും വേഗത്തിൽ മ്യൂസിക് കോർഡിനേറ്റർമാരുമായി ബന്ധപ്പെടണമെന്ന് ഭാരവാഹികൾ അറിയിച്ചു.

ഒരുക്കത്തോടെ കടന്നു വരുന്ന ദൈവമക്കൾക്ക് പ്രത്യാശയ്ക്ക് ഒട്ടും മങ്ങലേല്ക്കാതെ ആരാധനയ്ക്ക് പ്രാധാന്യം കൊടുത്ത് ആത്മ നിറവിൽ ആരാധിക്കുവാൻ സാധിക്കുന്ന ഗാനങ്ങളാണ് എല്ലാ സെക്ഷനുകളിലും ഉൾപ്പെടുത്തിയിരിക്കുന്നത്. നാഷണൽ മ്യൂസിക് കോർഡിനേറ്റർമാരായ വർഗീസ് പി. മാത്യുവിന്റെയും, ജോൺസ് ഉമ്മന്റെയും നേതൃത്വത്തിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന നാഷണൽ ക്വയർ ടീമിന് പരിശീലനം നൽകുന്നതായിരിക്കും.

കോൺഫറൻസിന്റെ നാഷണൽ കൺവീനർ പാസ്റ്റർ സാം വർഗീസ്, നാഷണൽ സെക്രട്ടറി ബ്രദർ ഫിന്നി എബ്രഹാം, നാഷണൽ ട്രഷറാർ ബ്രദർ ഏബ്രഹാം മോനീസ് ജോർജ്, നാഷണൽ യൂത്ത് കോർഡിനേറ്റർ റോബിൻ ജോൺ, നാഷണൽ വുമൺസ് കോർഡിനേറ്റർ സിസ്റ്റർ സൂസൻ ജോൺസൺ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിപുലമായ ക്രമീകരണങ്ങളാണ് കോൺഫ്രൻസിനോടനുബന്ധിച്ച് നടന്നുവരുന്നത്.

കോൺഫ്രൻസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് കോൺഫ്രൻസ് വെബ്സൈറ്റ് (www.ipcfamilyconference.org) വഴി രജിസ്റ്റർ ചെയ്യുവാൻ കഴിയും.

കൂടുതൽ വിവരങ്ങൾക്ക്:വർഷിപ്പ് കോർഡിനേറ്റേഴ്സ് വർഗീസ് പി മാത്യു- 310 422 9490, ജോൺസ് ഉമ്മൻ 972 757 8971, സ്റ്റെഫിൻ ബാബു 867 668 1996 ഫിജോ ജോഷ്വാ 780 850 9081

# പെന്തെക്കോസ്തൽ യൂത്ത് കോൺഫറൻസ് ഓഫ് ഡാളസിന് പുതിയ ഭാരവാഹികൾ

**വാർത്ത: വെസ്ളി മാത്യു**

**ഡാളസ്:** പെന്തെക്കോസ്തൽ യൂത്ത് കോൺഫറൻസ് ഓഫ് ഡാളസിന്റെ പുതിയ ഭാരവാഹികളായി റവ. സ്റ്റീഫൻ വർഗീസ് (പ്രസിഡന്റ്), റവ. റെൻ ഫിന്നി (കോർഡിനേറ്റർ), വിന്നി ഫിലിപ്പ് (ട്രഷറാർ), ജബിൻ ജിബു മാത്യു (അസി. കോർഡിനേറ്റർ), സുനിൽ ജോൺ (മ്യൂസിക് കോർഡിനേറ്റർ), ജെറി ചിറമേൽ (സ്പോർട്സ് കോർഡിനേറ്റർ), ജബ്ബേസ് ജയിംസ് (മീഡിയ കോർഡിനേറ്റർ) എന്നിവരെയും ബോർഡംഗങ്ങളായി ജോഷ്വാ ജേക്കബ്, നോയൽ ജോൺ, നോയൽ റെൻജി, ഗോഡ്‌ലി ജോൺസൻ, റവ. ജസ്റ്റിൻ ജേക്കബ്, ജോർജ് ഏബ്രഹാം, ജോൺസ് ഉമ്മൻ (ഓഡിറ്റർ) എന്നിവരെയും തിരഞ്ഞെടുത്തു. പെന്തെക്കോസ്തൽ യൂത്ത് കോൺഫറൻസ് ഓഫ് ഡാളസിന്റെ കിക്ക് ഓഫ് സമ്മേളനം ഏപ്രിൽ 19 ന് നടന്നു. പാസ്റ്റർ സാം ബാബു, ഡോ. മാത്യു വർഗീസ്, പാസ്റ്റർ സിബിൻ അലക്സ് എന്നിവർ മുഖ്യാതിഥികൾ ആയിരുന്നു.

<<<<വാർത്തകൾ>>>>

## സുസ്മി മരിയ ബ്ലെസന് ഡോക്ടറേറ്റ് ലഭിച്ചു



**പാലക്കാട്:** കോയമ്പത്തൂരിലുള്ള നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ അദ്ധ്യാപിക സുസ്മി മരിയ ബ്ലെസന് ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ഡോക്ടറേറ്റ് ലഭിച്ചു. കുഴിക്കാല കല്ലരിക്കൽ വർഗ്ഗീസ്-ആലീസ് ദമ്പതികളുടെ മകളാണ് സുസ്മി, മിസ്പ ഗുഡ്ന്യൂസ് മിനിസ്ട്രീസ് നല്ലൂർ സഭാ പാസ്റ്റർ ബ്ലെസൻ എബ്രഹാമാണ് ഭർത്താവ്.

## പാസ്റ്റർ രാജൻ ജോർജ് നിയമിതനായി



**മസ്കറ്റ്:** പാസ്റ്റർ രാജൻ ജോർജ് ഒമാൻ പെന്തെക്കോസ്ത് അസംബ്ലിയുടെ(OPA) സഭാ ശുശ്രൂഷകനായി നിയമിതനായി. ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ശുശ്രൂഷകനാണ് കൊട്ടാരക്കര സ്വദേശിയായ പാസ്റ്റർ രാജൻ ജോർജ്. സഭാശുശ്രൂഷകൻ , വേദ അധ്യാപകൻ, സംഘാടകൻ, പ്രഭാഷകൻ എന്നീ നിലകളിലും പാസ്റ്റർ രാജൻ ജോർജ് മികവ് തെളിയിച്ചിട്ടുണ്ട്. ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്.

ഭാര്യ: റേച്ചൽ രാജൻ. മക്കൾ: ജോയൽ ജി. രാജൻ, നോയൽ ജി. രാജൻ.

## തെരഞ്ഞെടുത്തു



**മുംബൈ:** താനെ മുതൽ ബദലാപൂർ വരെയുള്ള ഉപദേശഐക്യതയുള്ള സഭകളുടെ കൂട്ടായ്മയായ TPF. 2025 – 27 കാലയളവിലേക്കുള്ള ഭാരവാഹികളെ ഐപിസി എബനേസർ കല്യാൺ ചർച്ചിൽ വച്ച് തെരഞ്ഞെടുത്തു.

1990 ൽ ആരംഭിച്ചതും ഉപദേശ ഐക്യത ഉള്ളതുമായ മലയാളി ശുശ്രൂഷകന്മാരുടെയും വിശ്വാസികളുടെയും ആത്മീയ കൂട്ടായ്മയാണ് താനെ പെന്തെക്കോസ്ത് ഫെലോഷിപ്പ്. ശുശ്രൂഷകന്മാരുടെ കൂട്ടായ്മയ്ക്കും സഭകളുടെ ഐക്യതയ്ക്കും ആത്മീയ ഉണർവിനും മറ്റ് ചാരിറ്റി പ്രവർത്തനങ്ങൾക്കും മുൻഗണന കൊടുത്തുവരുന്നു. പ്രസിഡന്റ് പാസ്റ്റർ എം ജി ബിജു , വൈസ് പ്രെസിഡന്റ് പാസ്റ്റർ റ്റി കെ അലക്സാണ്ടർ, സെക്രട്ടറി പാസ്റ്റർ സിന്റോ വർഗീസ്, ജോയിൻ സെക്രട്ടറി ബ്രദർ എബ്രഹാം കാട്ടുമറ്റത്തിൽ, ട്രഷറർ ബ്രദർ കെ ജി തോമസ് എന്നിവരോടൊപ്പം മറ്റ് 14 അംഗ കൗൺസിലും പ്രവർത്തിച്ചുവരുന്നു.

## ബഥേൽ ബൈബിൾ കോളേജ് ചാപ്പലിന്റെ സമർപ്പണ ശുശ്രൂഷ







**പുനലൂർ:** ബഥേൽ ബൈബിൾ കോളേജിൽ പുതുതായി പണികഴിപ്പിച്ച ചാപ്പലിന്റെ സമർപ്പണ ശുശ്രൂഷ ഏപ്രിൽ 17 ന് അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സൂപ്രണ്ട് റവ. റ്റി. ജെ. സാമുവൽ നിർവഹിച്ചു. ബഥേൽ ബൈബിൾ കോളേജ് പ്രസിഡന്റ് റവ. ഡോ. ഐസക്ക് വി. ചെറിയാൻ ഓപ്പണിങ് സെറിമണി നടത്തി. പ്രിൻസിപ്പൽ റവ. ഡോ. ജെയിംസ് ജോർജ്ജ് അധ്യക്ഷത വഹിച്ചു.

ചാപ്പൽ സ്പോൺസർ ചെയ്ത റവ. ഡോ. ഐസക്ക് വി. ചെറിയാനെയും അദ്ദേഹത്തിന്റെ സഹധർമ്മിണി പ്രൊഫ. ഡോ. സൂസൻ ചെറിയാനെയും ആദരിച്ചു.

അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് അസിസ്റ്റന്റ് സൂപ്രണ്ട് റവ. ഡോ. ഐസക്ക് വി. മാത്യു, സെക്രട്ടറി റവ. തോമസ് ഫിലിപ്പ്, ട്രഷറാർ റവ. പി. കെ. ജോസ്, കോളേജിന്റെ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രസിഡന്റ് റവ. റ്റി. വി. തങ്കച്ചൻ, മധ്യമേഖല ഡയറക്ടർ റവ. ജെ. സജി, വൈസ് പ്രിൻസിപ്പൽ റവ. ഡി. മാത്യൂസ്, WMC പ്രസിഡന്റ് മിസസ്സ് മറിയാമ്മ സാമുവേൽ, പ്രൊഫ. ഡോ. സൂസൻ ചെറിയാൻ, മിസസ്സ് ലീലാമ്മ ഫിലിപ്പ്, ബ്രദർ വിനു വർഗീസ് തുടങ്ങിയവർ ആശംസകൾ അറിയിച്ചു.

ഇന്ത്യയിലെ ആദ്യത്തെ പെന്തെക്കോസ്ത് വേദപാഠശാലയായ ബഥേൽ ബൈബിൾ കോളേജ് 99– മത് വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. സെറാംപൂർ യൂണിവേഴ്സിറ്റിയുടെ റെഗുലറും എക്സ്റ്റൻഷൻ പ്രോഗ്രാമും കൂടാതെ കോളേജിന്റെ ഓട്ടോണമസ് റെഗുലർ പ്രോഗ്രാമും എക്സ്റ്റൻഷൻ പ്രോഗ്രാമും നടക്കുന്നു. വിവിധ കോഴ്സുകളിലായി 216 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അടുത്ത അധ്യയന വർഷം ജൂൺ 24ന് ആരംഭിക്കും.

## തിരഞ്ഞെടുത്തു


**മുംബൈ:** ഐപിസി മഹാരാഷ്ട്ര സ്റ്റേറ്റിൽ താനെ ഡിസ്ട്രിക്ട് ജനറൽ ബോഡി ഐപിസി എബനേസർ കല്യാൺ സഭയിൽ വച്ച് കൂടി 2025–26 പ്രവർത്തന വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ് പാസ്റ്റർ കെ. എം. വർഗീസ്, വൈസ് പ്രസിഡന്റ് പാസ്റ്റർ കോശി ഇടുക്കുള, സെക്രട്ടറി പാസ്റ്റർ സാംകുട്ടി ഏബ്രഹാം, ജോയിൻറ് സെക്രട്ടറി ബ്രദർ തോമസ് കെ. ജോർജ്, ട്രഷറർ ബ്രദർ വർഗീസ് മാത്യു.

ഐപിസി താനെ ഡിസ്ട്രിക്ടിനു 30 സഭകളും 30 ശുശ്രൂഷകൻമാരും ഉണ്ട്.


THE INDIA PENTECOSTAL CHURCH OF GOD
ATLANTA
ATLANTA IPC
545 Rock Springs Road
Lawrenceville, GA 30043
Rev. Dr. Cherian C. Daniel
Schedule of Service
SUNDAY WORSHIP
9:00 am to 11:00am
SUNDAY SCHOOL
8:30 am to 9:00am
SATURDAY
Bible study 7:30 pm
LAST SATURDAY
PYPA 7:30 pm to 9:00 pm
FASTING PRAYER
Friday 10:30 am to 12:00 pm
FIRST SATURDAY
Ladies meeting 10:30am to 12:00pm
Come Worship With us
Pastor Dr. Cherian C Daniel
(470) 907-9051
ABRAHAM THOMAS
Secretary
RAJAN ARIYAPALLIL
Treasurer

# നിത്യതയിൽ

**ഡോ. വി. വി. തോമസ്**



**ബെംഗളൂരു:** നിലമ്പൂർ ഫോക്കസ് ഇന്ത്യ തിയോളജിക്കൽ സെമിനാരി സ്ഥാപകനും ഇന്ത്യയിലെ പ്രമുഖ വേദശാസ്ത്ര അദ്ധ്യാപകരിൽ ഒരാളുമായ നിലമ്പൂർ വെളുത്തമോടയിൽ ഡോ. വി.വി.തോമസ് (61) നിത്യതയിൽ. സംസ്കാരം നടത്തി. ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളേജ് പ്രൊഫസർ, പുനെ യൂണിയൻ ബിബ്ലിക്കൽ സെമിനാരി അധ്യാപകൻ, നിലമ്പൂർ ഫോക്കസ് ഇന്ത്യ തിയോളജിക്കൽ ഡയറക്ടർ, അസംബ്ലീസ് ഓഫ് ഗോഡ് ശുശ്രൂഷകൻ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. മലബാർ തിയോളോജിക്കൽ സെമിനാരി ഡയറക്ടറും ഐപിസി ഇരിട്ടി സെന്റർ ശുശ്രൂഷകനുമായ പാസ്റ്റർ ജെയിംസ് വർഗീസ് സഹോദരനാണ്. ഭാര്യ: തിരുവല്ല അരയാലുംമൂട്ടിൽ മിനി തോമസ്. മക്കൾ: ജസ്റ്റിൻ വി തോമസ്, ജൂലിയറ്റ് വി. തോമസ്.

**പാസ്റ്റർ സാംകുട്ടി നൈനാൻ**



**തിരുവല്ല:** ഐപിസി കല്ലുങ്കൽ സഭാ ശുശ്രൂഷകൻ പാസ്റ്റർ സാംകുട്ടി നൈനാൻ (63) നിത്യതയിൽ. ചില മാസങ്ങളായി ശാരീരകമായി ക്ഷീണിതനായിരുന്നു. കങ്ങഴ നടുപ്പറമ്പിൽ കുടുംബാംഗമാണ്. ഭാര്യ: സാലി സാംകുട്ടി. മക്കൾ: ടിജോ (കുവൈറ്റ്), ടെസി. മരുമക്കൾ: നിയ, സനോഹ.


**പാസ്റ്റർ വി.ടി. ജോസ്**

**കലഞ്ഞൂർ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കലഞ്ഞൂർ സഭാംഗം വിളയിൽ പുത്തൻവീട്ടിൽ പാസ്റ്റർ



വി.ടി. ജോസ് (51) നിത്യതയിൽ. സംസ്കാരം കലഞ്ഞൂർ ദൈവസഭയുടെ പുതുവൽ സെമിത്തേരിയിൽ നടത്തി.


**മാത്യു കെ. വർഗീസ്**



**ഫിലാഡൽഫിയ:** കപ്പമാമൂട്ടിൽ പരേതരായ കെ എ. വർഗീസിന്റെയും മറിയാമ്മ വർഗീസ്സിന്റെയും മകൻ മാത്യു കെ. വർഗീസ് (79) നിത്യതയിൽ. ഫിലഡൽഫിയ ഗ്രേയ്സ് പെന്തെക്കോസ്തൽ സഭാംഗമാണ്. ഭൗതീക ശരീരം എബനേസർ ചർച്ച് ഓഫ് ഗോഡ്, 2605 വെൽഷ് റോഡ്, ഫിലാഡൽഫിയ (Ebenezer Church of God, 2605 Welsh Road, Philadelphia, PA) സംസ്കാര ശുശ്രൂഷകൾക്കുശേഷം ഫോറെസ്റ്റ് ഹിൽ സെമിത്തേരി, 101 ബൈബെറി റോഡ്, ഹണ്ടിങ്ങ്ടൺ വാലി, ഫിലഡൽഫിയ (101 Byberry Road, Huntingdon Valley, PA) സെമിത്തേരിയിൽ സംസ്കാരം നടത്തി. ഭാര്യ: അന്നമ്മ വർഗീസ് (മേൽപ്പാടം കാരക്കൽ കുടുംബാംഗം) മക്കൾ: സ്റ്റീവ്, ഷെറി. മരുമക്കൾ: നിജു, പ്രിൻസ്.

**അമ്മുക്കുട്ടി**

**കൊല്ലം (പൂയപ്പള്ളി):** നാൽക്കവല ശാരോൻ സഭാംഗം വിളപ്പുറത്ത് വർഗീസ് മാത്യുവിന്റെ ഭാര്യ അമ്മുക്കുട്ടി (69) നിത്യതയിൽ. ചുഴന അറ്റാച്ചേരി കുടുംബാംഗമാണ്. സംസ്കാരം ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം നാൽക്കവല ഷാരോൺ സെമിത്തേരിയിൽ നടത്തി. മക്കൾ: ക്രിസ്റ്റി (യുഎസ്), ജെയിംസ് (യു എ ഇ). മരുമക്കൾ: അജിത്ത്, ക്രിസ്റ്റി.



**ചിന്നമ്മ വർഗ്ഗീസ്**




**കൊട്ടാരക്കര:** വിലങ്ങറ മലവിള മേലൂട്ട് വീട്ടിൽ പരേതനായ സി. വർഗ്ഗീസിന്റെ ഭാര്യ ചിന്നമ്മ വർഗ്ഗീസ് (87) നിത്യതയിൽ. സംസ്കാരം നടത്തി. മക്കൾ: ജോയി, സുശീല, ഗ്രേസി, ജോയമ്മ,പൊന്നമ്മ, സജി.

**ലീലാമ്മ ജോർജ്ജ്**



**കടമ്പനാട്:** കടമ്പനാട് ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ അംഗവും കല്ലുംപുറത്ത് പുത്തൻവീട് പരേതനായ കെ ഒ ജോർജ്ജിന്റെ ഭാര്യ ലീലാമ്മ ജോർജ്ജ് (85) നിത്യതയിൽ. കുളക്കട പൂവക്കര കുടുംബാംഗമാണ്. സംസ്കാരം കടമ്പനാട് ഹെബ്രോൻ ഇന്ത്യ പെന്തക്കോസ്ത് സഭ ഹാളിലെ ശുശ്രൂഷകൾക്ക് ശേഷം സഭാ സെമിത്തേരിയിൽ നടത്തി. മക്കൾ: സൂസമ്മ, ജോസ് (യു എസ് എ), എൽസി, മേഴ്സി (ഡൽഹി). മരുമക്കൾ: ജോയ്, സൂസൻ, റെജി, രാജൻ.

**ഒ.എസ് ജേക്കബ്**



**തിരുവല്ല:** റിട്ട.സിവിൽ എഞ്ചിനീയർ (ഒഡീഷ) മഞ്ഞാടി ഒറ്റത്തെങ്ങിൽ ഒ.എസ് ജേക്കബ് (ജോയി 83) നിത്യതയിൽ. സംസ്കാരം ഐപിസി നോർത്തേൺ റീജിയന്റെ നേതൃത്വത്തിൽ ഇൻഡോർ നാവിലാക്ക ക്രിസ്ത്യൻ സെമിത്തേരിയിൽ നടത്തി. പരേതൻ ആമല്ലൂർ ഐപിസി എബനേസർ സഭാംഗമാണ്. ഭാര്യ: വളഞ്ഞവട്ടം താന്നിമൂട്ടിൽ പരേതയായ ലീലാമ്മ ജേക്കബ്. മക്കൾ: സുനിൽ ജേക്കബ് (ഇൻഡോർ), അനിൽ ജേക്കബ് (കുവൈറ്റ്). മരുമക്കൾ: പാമ്പാടി പുതുച്ചേരി മെർസി സുനിൽ (ഇൻഡോർ), ചിറ്റാർ തുണ്ടിയത് ബിന്ദു അനിൽ (കുവൈറ്റ്).

**മേഴ്സി**

**ഒക്കലഹോമ (യു എസ്):**



പാലാ മേലുകാവ്മറ്റം ഇരുമാപ്ര ഇലവുംമാക്കൽ വീട്ടിൽ പാസ്റ്റർ ജോണി ജോസഫിന്റെ ഭാര്യ മേഴ്സി (61) നിത്യതയിൽ. ഗ്രേസ് പെന്തക്കോസ്തൽ ചർച്ച് ഓഫ് ഗോഡ് സഭാംഗമാണ്. സംസ്കാരം യൂക്കോൺ ഇന്റർനാഷണൽ പെന്തക്കോസ്തൽ അസംബ്ലി ഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം റോക്ക് വെൽ അവന്യൂ ബഥനി സെമിത്തേരിയിൽ സംസ്കാരം നടത്തി. മക്കൾ ജോമി, ജോസി, ജോയ്സ് (മൂവരും യു എസ്).

**നോയൽ ജോൺ**



**ദോഹ:** പന്തളം പുറത്തൂർ ഗില്ഗാൽ ഭവനിൽ പരേതനായ പാസ്റ്റർ പി. പി ജോണിന്റെയും ഡെയ്സി ജോണിന്റെയും മകനും ഖത്തർ ന്യൂ ടെസ്റ്റ്മെൻറ് ചർച്ച് സഭാംഗവുമായ നോയൽ ജോൺ (41) നിത്യതയിൽ. ദോഹ ന്യൂ ടെസ്റ്റ്മെന്റ് ചർച്ചിലെ (ഐ.ഡി.സി .സി കോംപ്ലക്സ്) സംസ്കാര ശുശ്രൂഷകൾക്ക് ശേഷം സംസ്കാരം നടത്തി. ഭാര്യ: ബിജിമോൾ. മകൾ: അബിയേൽ അന്ന നോയൽ. സഹോദരങ്ങൾ: ബെൻഷോ ജോൺ, ബെറ്റ്സി സജി (ഇരുവരും ഖത്തർ).

**പൊന്നമ്മ ലൂക്കോസ്**

**കൊട്ടാരക്കര:** ഐപിസി പനയറ താബോർ സഭാംഗവും ഐപിസി ശുശ്രൂഷകൻ പാ

# നിത്യതയിൽ



സ്റ്റർ സാജൻ ഈശോയുടെ ഭാര്യാ മാതാവുമായ പനയറ പാറവിള പൊന്നമ്മ ലൂക്കോസ് (80) നിത്യതയിൽ. സംസ്കാരം ഐപിസി പനയറ സെമിത്തേരിയിൽ നടത്തി. ഭർത്താവ്: പരേതനായ ലൂക്കോസ് പാറവിള. മക്കൾ: പാപ്പച്ചൻ, ജോയിമോൻ, മോളമ്മ, മിനിമോൾ, സുനി. മരുമക്കൾ: ഗ്രേസി, ജൂലി, രാജൻ, പാസ്റ്റർ സാജൻ ഈശോ, ബോവസ്.

**ഷെർലി ജോൺസൺ**




**തൃശൂർ:** തൃശൂർ നെല്ലിക്കുന്ന് കൈതമംഗലം വീട്ടിൽ (കൂട്ടാല) പാസ്റ്റർ കെ.എം ജോൺസന്റെ ഭാര്യ ഷെർലി ജോൺസൺ (57) നിത്യതയിൽ. സംസ്കാരം നടത്തി. മക്കൾ: ജെറിൻ, ഷെറിൻ. മരുമകൻ: ഡെന്നി വർഗീസ്. കൊച്ചുമകൾ: ഡെയ്സി ഡെന്നി.

**പാസ്റ്റർ രാജ് ബാബു റ്റി. ആർ**




**കൊട്ടാരക്കര:** ഐപിസി വേങ്ങൂർ സെന്ററിൽ കാക്കോട് സഭാ ശുശ്രൂഷകനായിരുന്ന പാസ്റ്റർ രാജ് ബാബു റ്റി. ആർ. (57) നിത്യതയിൽ. സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു. താലന്ത് പരിശോധനകളിൽ ദീർഘവർഷങ്ങളായി വിധികർത്താവായും പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യയും രണ്ടു പെൺമക്കളും ഉണ്ട്.

**രാധാകൃഷ്ണപിള്ള**



**കൊല്ലം:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കൊല്ലം സെന്റർ, കല്ലുംതാഴം ദൈവസഭയുടെ ശുശ്രൂഷകനും, United Fellowship of Churches (UFOCCS) ന്റെ പ്രസിഡന്റുമായ പാസ്റ്റർ രാജേന്ദ്രന്റെ ഭാര്യാപിതാവ് രാധാകൃഷ്ണപിള്ള (74) നിത്യതയിൽ. സംസ്കാരം കല്ലുംതാഴത്തുള്ള ഭവനത്തിലെ ശുശ്രൂഷകൾക്ക് പോളയത്തോടുള്ള United Fellowship of Churches നടത്തി.

**ഒ. ജോൺ**



**ഇടയ്ക്കാട്:** ഇടയ്ക്കാട് വടക്ക് തറയിൽ മേലേതിൽ ഒ. ജോൺ (85) നിത്യതയിൽ. ഇടയ്ക്കാട് ശാലേം അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ ചാത്താകുളം സെമിത്തേരിയിൽ സംസ്കാരം നടത്തി. പരേതൻ ഇടയ്ക്കാട് ശാലേം എ.ജി.സഭാംഗമാണ്. ഭാര്യ മുതുപിലാക്കാട് ചാമവിള തുണ്ടിൽ കുടുംബാംഗം ലീലാമ്മ ജോൺ, മക്കൾ: ബിജു ജോൺ, ബിനു ജോൺ ( ഇരുവരും കുവൈറ്റ്) ബിജി. മരുമക്കൾ: ഷീജ ബിജു, ജസി ബിനു, ബോബി ജോൺ.

**ലീലാമ്മ നൈനാൻ**



**തിരുവല്ല:** കടമാങ്കുളം മൂലമണ്ണിൽ ലീലാമ്മ നൈനാൻ (70) നിത്യതയിൽ. സംസ്കാരം ഐക്കരപ്പടി ചർച്ച് ഓഫ് ഗോഡ് സഭാ സെമിത്തേരിയിൽ നടത്തി. ഭർത്താവ്: എം.എൻ. നൈനാൻ. മക്കൾ: വിൻസ് നൈനാൻ, പ്രിൻസ് നൈനാൻ, പ്രെയ്സി സ്റ്റാൻലി.

**പാസ്റ്റർ രാജു ജോർജ്**

**നിലമ്പൂർ:** വടപുറം കിണറുവെട്ടേൽ (ഗ്രേസ് ലാൻഡ് കോട്ടേജിൽ) പാസ്റ്റർ രാജു ജോർജ് (64) നിത്യതയിൽ.



ബാബു ജോർജ് പത്താനാപുരത്തിന്റെ സഹോദരനാണ്. ബറോഡ, മലപ്പുറം, മയിലാടുംകുന്ന് എന്നീ സ്ഥലങ്ങളിൽ സഭാ ശുശ്രൂഷകനായിരുന്നിട്ടുണ്ട്. ഭാര്യ കുഞ്ഞുമോൾ ചുങ്കത്തറ പാലനിൽക്കുന്നതിൽ കുടുംബാംഗമാണ്. മകൾ: കൃപ (കാനഡ). സംസ്കാരം നടത്തി.

**ജോൺ ഫിലിപ്പോസ്**



**ബെംഗളൂരു:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ കൊറമംഗല സഭാംഗം പത്തനംതിട്ട മുണ്ടുകോട്ടക്കൽ കൊച്ചുകിഴക്കേതിൽ ജോൺ ഫിലിപ്പോസ് (71) നിത്യതയിൽ. സംസ്കാരം ഭവനത്തിലെ ശുശ്രൂഷകൾക്ക്ശേഷം ഹൊസൂർ റോഡ് സെമിത്തേരിയിൽ നടത്തി. ഭാര്യ:പത്തനംതിട്ട വയലത്തല കുളങ്ങര വീട്ടിൽ അന്നമ്മ (ലിസി). മക്കൾ:ലിജി മറിയം ജോൺ, ലിജോ ജോൺ( ബെംഗളൂരു). മരുമകൻ. ഏബൻ തോമസ് (ഖത്തർ).

**മറിയാമ്മ ഫിലിപ്പ്**




**അയിരൂർ:** കൊച്ചറ പതാപറമ്പിൽ പരേതനായ ഓസേഫ് ഫിലിപ്പിന്റെ (കുഞ്ഞൂഞ്ഞ്) ഭാര്യ മറിയാമ്മ ഫിലിപ്പ് (97) നിത്യതയിൽ. സംസ്കാരം ഐപിസി സീയോൺ ടാബർനാക്കിൾ മതാപ്പാറ ചർച്ചിന്റെ നേതൃത്വത്തിൽ തേക്കുങ്കൽ സഭാ സെമിത്തേരിയിൽ നടത്തി. മക്കൾ: പരേതനായ ജോസ്, മേരിക്കുട്ടി, അച്ചൻകുഞ്ഞ്, പരേതനായ ബാബു, സൂസമ്മ, ഓമന, കൊച്ചുമോൾ (ഏലിയാമ്മ),ആൻസി, ലില്ലിക്കുട്ടി. മരുമക്കൾ: കുഞ്ഞമ്മ, പരേതനായ കുര്യൻ, ലൈസാമ്മ, കുഞ്ഞുമോൻ, മാത്തുക്കുട്ടി, ജോസ്, ബിജു, മോനിച്ചൻ.

**അനി സാജു**



**ന്യൂഡൽഹി:** ഐപിസി നോർത്തേൺ റീജിയൺ രോഹിണി സഭയുടെ ശുശ്രൂഷകനായ പാസ്റ്റർ സാജു ഏലിയാസിന്റെ സഹധർമ്മിണി സിസ്റ്റർ അനി സാജു (47) നിത്യതയിൽ. കഴിഞ്ഞ 22 വർഷമായി ഉത്തര ഭാരതത്തിൽ രാജസ്ഥാൻ, യു.പി, എന്നീ സംസ്ഥാനങ്ങളിൽ കുടുംബമായി സുവിശേഷ വേലയിൽ ആയിരുന്നു. സംസ്കാരം ഡൽഹിയിലെ രോഹിണിയിലുള്ള ഐ.പി.സി.എൻ.ആർ, ബെഥേൽ ചർച്ചിലെ ശുശ്രൂഷകൾക്ക് ശേഷംബുരാഡി ക്രിസ്ത്യൻ സെമിത്തേരിയിൽ നടത്തി. മക്കൾ: ശാമുവേൽ, ഹന്ന.

**സാറാമ്മ ജോൺ**



**ടെക്സസ്:** പരേതനായ എം. ഐ. ജോണിന്റെ ഭാര്യ സാറാമ്മ ജോൺ ( 89 ) നിത്യതയിൽ. മിസോറി സിറ്റിയിലുള്ള മകന്റെ വീട്ടിൽ വെച്ചായിരുന്നു അന്ത്യം. എഴുമറ്റൂർ സ്വദേശിയാണ്. ലാവണിൽ 2343 ലേക്ക് റോഡിലുള്ള ലേക്ക് വ്യൂ സെമിത്തേരിയിൽ സംസ്കാരം നടത്തി. മക്കൾ: എഡ്വേർഡ് ജോൺ, പരേതനായ റോബിൻസൺ ജോൺ. മരുമക്കൾ: മേരി എഡ്വേർഡ്, കനകം റോബിൻസൺ.

MOB: 9526602670
beljourn@gmail.com
VOL 18, ISSUE 01
Price: ₹ 10

BELIEVERS JOURNAL
PUBLISHED ON 10/05/2025

BELIEVERS JOURNAL
Post Box No: 58
Kumbanad P.O.
Thiruvalla - 689 547

RNI. NO. KERMAL/2008/26530
beljourn.com/ www.bjournal.org
E-mail: beljourn@gmail.com

